# പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം: 4999**

**01.07.2013 -ലെ മറുപടിക്ക്**

### സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യൂ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് ടീം സോളാർ കമ്പനി-യ്ക്കെതിരെ തലശ്ശേരി, പെരുമ്പാവൂർ പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നോ; | (എ) സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി, പെരുമ്പാവൂർ പോലീസ് സ്റ്റേഷനു-കളിൽ ഓരോ കേസ് വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ കേസുകളിലെ അന്വേഷണ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (ബി) പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം.-നം.368/13 ആയി രജിസ്റ്റർ ചെയ്ത കേസ്സിലെ രണ്ടാം പ്രതി സരിത എസ്.നായരെ അറസ്റ്റ് ചെയ്തിട്ടുള്ളതും, ഒന്നാം പ്രതി ബിജു രാധാകൃഷ്ണനെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്. കേസിന്റെ അന്വേഷണം നടന്നുവരുന്നു.<br>തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം. നം.1647/12 ആയി രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത കേസിൽ സാക്ഷികളെ ചോദ്യം ചെയ്തും ബന്ധപ്പെട്ട രേഖകൾ ബന്തവസ്സിലെടുത്തും അന്വേഷണം നടന്നുവരുന്നു. |

| | |
|---|---|
| (സി) ഈ കേസുകളുടെ അന്വേഷണത്തിനിടെ സരിത എസ്. നായരുമായി നിരന്തരം ഫോൺ വിളികൾ നടത്തിയവർ ആരെല്ലാമെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) & (ഡി) കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) സരിതയുമായി അടുപ്പം പുലർത്തിയതായി കണ്ടെത്തിയ ആരെയെങ്കിലും ഈ കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5000 01.07.2013-ൽ മറുപടി**

**<u>സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട പ്രാഥമികാന്വേഷണ റിപ്പോർട്ട്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് പ്രാഥമികാന്വേഷണം നടത്തിയ സംസ്ഥാന പോലീസ് ഇന്റലിജൻസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) കേസ് അന്വേഷണാവസ്ഥയിലായതിനാൽ ഇപ്പോൾ പകർപ്പ് ലഭ്യമാക്കുന്നത് ഉചിതമായിരിക്കുകയില്ല. |
| സി) ഈ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (സി) ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5001 | 01.07.2013-ൽ മറുപടിയ്ക്ക്

## ടീം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടീം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 46 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ, തീയതി, പരാതിക്കാരൻ, പ്രതികൾ, തട്ടിയെടുത്ത തുക എന്നിവ വ്യക്തമാക്കുമോ; | (ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ കേസ്സുകളിൽ പ്രതി സ്ഥാനത്ത് ഏതെങ്കിലും സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസ്സ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ, പ്രതി പട്ടികയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുമോ; | (സി) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷണാവസ്ഥയിലാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) ഇതിൽ 10 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5002 | 01.07.2013-ൽ മറുപടിയ്ക്ക്

## ടീം സോളാർ തട്ടിപ്പ കേസ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ടീം സോളാർ തട്ടിപ്പ കേസ്സിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) & (ബി) | സോളാർ തട്ടിപ്പ് കേസിലെ പ്രതികളുമായി ബന്ധമുള്ളതായി പ്രഥമദൃഷ്ട്യാ തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സലീം രാജ് CPO U 1960, SBCID, Security എന്ന പോലീസുദ്യോഗസ്ഥനെ സംസ്ഥാന പോലീസ് മേധാവിയുടെ 25.06.2013 ലെ T8/59262/13 ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) | പോലീസ്, സെക്രട്ടേറിയറ്റ് ഓഫീസുകളിൽ നിന്നും പ്രതികൾക്ക് വിവരം ലഭിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) | സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുവരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | വിജിലൻസ് ഹെഡ്ക്വോർട്ടേഴ്സിൽ നിന്നും പോലീസുകാർ ഈ കേസിലെ പ്രതിയുമായി ഫോണിൽ സംസാരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുവരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഇ) | ഈ കേസ്സുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയോ സ്ഥലം മാറ്റുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | സോളാർ തട്ടിപ്പ് കേസിലെ പ്രതികളുമായി ബന്ധമുള്ളതായി പ്രഥമദൃഷ്ട്യാ തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സലീം രാജ് CPO U 1960, SBCID, Security എന്ന പോലീസുദ്യോഗസ്ഥനെ സംസ്ഥാന പോലീസ് മേധാവിയുടെ 25.06.2013 ലെ T8/59262/13 ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5003 | 01.07.2013-ൽ മറുപടിയ്ക്ക്

# സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് ഏതെല്ലാം അന്വേഷണങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ), (ബി) & (സി) സോളാർ തട്ടിപ്പ് കേസുകൾ അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളെപ്പറ്റി ADGP, സൗത്ത് സോണിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം സമഗ്രമായ അന്വേഷണമാണ് നടത്തി വരുന്നത്. കേസുകൾ അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ, ഉദ്യോഗസ്ഥന്മാർ എന്നിവരുടെ പങ്കിനെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ അന്വേഷണത്തിന്റെ ചുമതല ആർക്കാണെന്ന് വിശദമാക്കുമോ; | |
| (സി) സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിത എസ്. നായരുമായി ഈ മന്ത്രിസഭയിലെ ഉന്നതർക്ക് ഉണ്ടെന്ന് ആരോപിക്കപ്പെടുന്ന ബന്ധം സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5004 | 01.07.2013-ൽ മറുപടിയ്ക്ക്

## ടീം സോളാർ കമ്പനിയുടെ തട്ടിപ്പിന് ഇരയായവരുടെ വിവരങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിന് ഇരയായവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെന്നും, ഇവരിൽ നിന്നും എത്ര കോടിയുടെ തട്ടിപ്പാണ് നടത്തിയത് എന്നും വിശദമാക്കുമോ; | (എ) | സോളാർ തട്ടിപ്പിനിരയായവരുടെയും തട്ടിപ്പ് നടത്തപ്പെട്ട തുകയുടെയും വിവരം ( രജിസ്റ്റർ ചെയ്ത കേസുകളുടെ അടിസ്ഥാനത്തിൽ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഏതെങ്കിലും സർക്കാർ ഓഫീസുകളോ, സർക്കാർ ഏജൻസികളോ ടീം സോളാർ കമ്പനിയുടെ തട്ടിപ്പിന് ഇരയായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം നടന്നുവരികയാണ്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (സി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# Details of Solar Cheating Cases (UP TO 19.6.13)

| Sl. No. | Dist | Cr.No.Sec of law | PS | Persons Cheated | Amount Cheated (Rs.) | Present stage |
|---|---|---|---|---|---|---|
| 1 | TVM C | Cr.951/2013 u/s 406, 420 IPC | Thampanoor | Dr.Mathew Thomas | 7500000 | UI |
| 2 | TVM C | Cr.910/09 u/s 120(b), 420,457, 488,472 & 34 IPC | MCPS | Salim | 4020000 | UI |
| 3 | TVM C | Cr.58/10 U/s 420 IPC | Museum | Ajayan | 310000 | Charge sheeted (CC 67/2011) |
| 4 | TVM C | Cr.36/10 u/s 420,406,468 & 34 IPC | Valiyathura | R.D.Asok Kumar | 450000 | Charged on 10.6.2012 (CC 144/12) |
| 5 | TVM C | Cr.45/10 u/s 419,420 & 34 IPC | MCPS | Radhakrishnan | 400000 | Charged on 9.10.2011, CC 700/11 |
| 6 | TVM C | Cr.69/10 u/s 120(b) & 420 IPC | MCPS | Anil Dutt | 140000 | RC |
| 7 | TVM C | Cr.70/10 u/s 120(b) & 420 IPC | MCPS | Firoz | 300000 | RC |
| 8 | TVM C | Cr.1025/13 u/s 420, 506(i), 34 IPC | Thampanoor | Likhitha Unnithan | 0 | UI |
| 9 | TVM C | Cr.501/11 u/s 198, 199, 200 IPC | Vanchiyoor | Rajesh Kumar | 0 | UI |
| 10 | TVM C | Cr.707/2005 u/s 309 IPC | MCPS (Cr.68/2005 transferred from Karamana PS and re registered in MCPS) | SI, Karamana | 0 | Charged on 30.02.2006 (cc 615/2006) Accused acquitted vide Sec.258 CrPC on 1.10.2009) |
| 11 | TVM RL | Cr.142/2012 u/s 420 & 34 IPC | Kadakkavoor | Hameed Hussain | 150000 | charge sheeted on 23.8.2012 CC 998/2012 |
| 12 | KLM | Cr.219/10 u/s 420 IPC | Karunagappally | Rajeemathi | 30000 | Charged on 25.5.2010, (CC 516/2010) |
| 13 | PTA | Cr.633/2013 u/s 420, 34 IPC | Keezhvaipur | P.M.Abraham | 100000 | UI |

| | | | | | | |
|---|---|---|---|---|---|---|
| 14 | PTA | Cr.491/05 u/s 381, 420, 467, 468, 477(a) IPC | Aranmula | Krishnan Nair, Manager, KSHFL Aministrative Office, Pulimood, Tvm | 304750 | Charge sheeted on 23.5.07, LP 3/2009, (CC 652/07) |
| 15 | PTA | Cr.318/13 u/s 420 IPC | Ranni | P.M. Thomas | 300000 | UI |
| 16 | PTA | Cr.656/13 u/s 420, 34 IPC | Konni | Sreedharan Nair | 4000000 | UI |
| 17 | PTA | Cr.482/13 u/s 406, 420, 34 IPC | Pulikkeezhu | Dr. Peter Manakku | 400000 | UI |
| 18 | PTA | Cr.497/13 u/s 406, 419, 420, 34 IPC | Pulikkeezhu | Sreekumar K.Pillai | 75000 | UI |
| 19 | PTA | Cr.562/13 u/s 420 IPC | Enath | Gopalakrishna Kurup | 500000 | UI |
| 20 | PTA | Cr.601/13 u/s 420 IPC | Koippuram | Nobin Ummen Joseph | 65000 | UI |
| 21 | PTA | Cr.817/13 u/s 420 & 34 IPC | Aranmula | Baburaj | 11900000 | UI |
| 22 | PTA | Cr.754/13 u/s 420 & 34 IPC | Pandalam | Dr.Reny Philip | 65000 | UI |
| 23 | ALPY | Cr.816/2013 u/s 420, 34 IPC | Ambalappuzha | Narayanan Namboodiri | 7325000 | UI |

| | | | | | | |
|---|---|---|---|---|---|---|
| 24 | ALPY | Cr.162/2010 u/s 420, 34 IPC | Chenganoor | Pushparaj | 96500 | Charged on 11.6.2010, LP 56/2012 (CC 1281/10) |
| 25 | ALPY | Cr.102/2010 u/s 420 IPC | Nooranadu | Mary Joseph Member, Shelter & Charitable Trust | 300000 | UI (CD File submitted HC on 12.4.10) |
| 26 | ALPY | Cr.61/2009 u/s 420, 34 IPC | Vallikunnam | K. Devarajan, Thapovan Yoga Centre | 80000 | Charged on 28.3.2009 |
| 27 | ALPY | Cr.56/10 u/s 420, 468, 470, 471, 34 IPC | North PS | T.R.Prakash | 4100000 | Referred as civil nature on 20.1.2010 |
| 28 | KTYM | Cr.1065/13 u/s 406, 420 IPC | Changanassery | Kaladevi | 2000000 | UI |
| 29 | IDKY | Cr.474/13 u/s 416, 419, 420, 463, 468, 471, 34 IPC | Rajakkad | Jimmy Kurian | 2425000 | UI |
| 30 | IDKY | Cr.480/13 u/s 420 & 34 IPC | Rajakkad | Raveendran | 2500000 | UI |
| 31 | EKM C | Cr.627/13 u/s 406, 420, 34 IPC | Town North | Joy | 160000 | UI |
| 32 | EKM C | Cr.629/13 u/s 406, 420, 34 IPC | Town North | Rejinald George | 15086000 | UI |

| | | | | | | |
|---|---|---|---|---|---|---|
| 33 | EKM C | Cr.1327/09 u/s 406, 420, 34 IPC | Thrikkakkara | Rajan | 158000 | Charged on 3.3.2011 |
| 34 | EKM C | Cr.769/13 u/s 406, 420 IPC | Town North | General Manager, Atlas Jewellery, Palarivattom | 2350000 | UI |
| 35 | EKM C | Cr.630/13 U/s 420 & 34 IPC | Town North | Mehraja Karim | 167374 | UI |
| 36 | EKM C | Cr.788/13 U/s 406,420 & 34 IPC | Town North | P.K. Subrahmanian | 1750000 | UI |
| 37 | EKM C | Cr.798/13 U/s 409,420,120(b) & 34 IPC | Town North | Fr. Judies Panakkal | 166423 | UI |
| 38 | EKM RL | Cr.368/2013 u/s 420, 406 IPC | Perumbavoor | Sajad | 3305000 | UI |
| 39 | EKM RL | Cr.274/2013 u/s406,420,468,418,419 & 34 IPC | Vazhakulam | Vivek Thomas | 3220000 | UI |
| 40 | EKM RL | Cr.526/2013 u/s406,420 IPC | Binanipuram | Smauel Mohanraj | 122500 | UI |

| | | | | | | |
|---|---|---|---|---|---|---|
| 41 | TSR RL | Cr.468/13 u/s 406, 420 IPC | Puthukkad | Mathai Thomas | 88,000 | On enquiry it was found that the amount was fully repayed by the accused. Hence FAD report submitted |
| 42 | KKD C | Cr.748/2012 u/s 420 IPC | Kasaba | Abdul Majeed | 4270375 | UI |
| 43 | KKD C | Cr.219/13 u/s 419, 420 r/w 34 IPC | Elathur | Wilson Simon | 1200000 | UI |
| 44 | KNR | Cr.916/13 u/s 420 IPC | Town PS | Janardhanan Nair | 180000 | UI |
| 45 | KNR | Cr.1647/12 u/s 420 r/w 34 IPC | Thalassery PS | Dr. Syam Mohan. Thalassery | 108000 | UI |
| 46 | KSGD | Cr.771/13 u/s 420 r/w 34 IPC | Hosdurg PS | Managing Partner, Power for U Alternative Energy Marketing Service | 175000 | UI |
| | | | | | **82342922** | |

ഡെപ്യൂട്ടി സെക്രട്ടറി

**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5006 01.07.2013-ൽ മറുപടിയ്ക്ക്

**<u>സൗരോർജ്ജ പ്ലാന്റ് തട്ടിപ്പ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജ പ്ലാന്റ് തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിൽ സംസ്ഥാനത്ത് മുൻപ് എന്തെങ്കിലും കേസ്സുകൾ ഉണ്ടായിരുന്നോ; | (എ) സൗരോർജ്ജ പ്ലാന്റ് തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിൽ സംസ്ഥാനത്ത് മുൻപ് ( ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് - 17.05.2011 വരെ) 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) കേസുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# Crimes involving Saritha Nair
## (Before 18.5.2011)

| Sl. No. | Dist | Cr.No.Sec of law | PS | DO | DR | Complainant | Accused | Brief | Amount Cheated (Rs.) | Arrest | Present stage |
|---|---|---|---|---|---|---|---|---|---|---|---|
| 1 | TVM C | Cr.910/09 u/s 120(b), 420,457, 488,472 & 34 IPC | MCPS | 30.5.09 2.12.09 | 26.12.2009 | Salim | Saritha S Nair, Husband & Firoz | Accused cheated the complainant by offering loan worth Rs.25 Crore, | 4020000 | Arrested Saritha S Nair on 13.1.2010 and Husband Biju on 15.1.2010 | UI |
| 2 | TVM C | Cr.36/10 u/s 420,406,468 & 34 IPC | Valiyathura | 7.1.2009 | 20.1.2010, 21 Hrs | R.D.Asok Kumar | Saritha S Nair, Biju Nair @ Radhakrishnan Nair | By offering the installation of Wind farms at Peerumede | 450000 | Formally arrested on 15.2.10 | Charged on 10.6.2012 (CC 144/12) |
| 3 | TVM C | Cr.45/10 u/s 419,420 & 34 IPC | MCPS | Not known | 15.1.2010 | Radhakrishnan | Lekshmi Nair @ Saritha, Biju Nair | Accused cheated the complainant by offering ADB loan | 400000 | Formaly arrested | Charged on 9.10.2011, CC 700/11 |
| 4 | TVM C | Cr.69/10 u/s 120(b) & 420 IPC | MCPS | 1.5.2009 to 31.5.2009 | 22.1.2010 | Anil Dutt | Biju Radhakrishnan, Saritha S Nair | Accused cheated the complainant by promising availing loan from NABARD worth Rs.2 Crore | 140000 | Not arrested | RC report submitted or 11.11.2011 |
| 5 | TVM C | Cr.70/10 u/s 120(b) & 420 IPC | MCPS | 1.5.2009 to 22.1.2010 | 22.1.2010 | Firoz | Biju Radhakrishnan, Saritha S Nair | Accused cheated the complainant by offering wind mills at Ponmudi | 300000 | Not arrested | RC report submitted or 27.10.2011 |
| 6 | TVM C | Cr.707/2005 u/s 309 IPC | MCPS (Cr.68/2006 transferred from Karamana PS and re registered in MCPS) | 4.11.2005 | 4.11.2005 | SI, Karamana | Saritha S Nair | Accused attempted to commit suicide by consuming 18 Alpoax tablets at Medical College premises. | 0 | Not Arrested | Charged on 30.02.2006 (CC 615/2006) Accused acquited vide Sec.258 CrPC on 1.10.2009) |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 7 | PTA | Cr.491/05 u/s 381, 420, 467, 468, 477(a) IPC | Aranmula | 26.2.04 to 8.9.04 | 15.12.2005 | Krishnan Nair, Manager KSHFL Aministrative Office, Pulimood, Tvm | Saritha S Nair@Nandini Nair | Accused cheated the complainant by misapropriation of money when she was working as staff in KSHFL branch Kozhancherry | 304750 | Not arrested (Declared as Proclaimed offender) | Charge sheeted on 23.5.07, LP [illegible]/2009, (CC 552/07) |
| 8 | ALPY | Cr.162/2010 u/s 420, 34 IPC | Chenganoor | 10.4.2007 | 23.2.2010 | Pushparaj | Biju Nair, Saritha S Nair | Accused cheated the complainant by offering foreign financial assistance to Olive International,, a firm owned by complainant. | 96500 | Formally arrested on 15.2.10 | Charged on 11.6.2010, LP 56/2012 (CC 1281/10) |
| 9 | ALPY | Cr.56/10 u/s 420, 468, 470, 471, 34 IPC | North PS | 31.1.2005 | 18.1.2010 | T.R.Prakash | Biju Radhakrishnan @ Sreekumar, Saritha S Nair@Nandini, B.N.Hasakar, Advocate, Kollam | Accused persons cheated the complainant by offering partnership for their business | 4100000 | Not arrested | Referred as civil nature on 20.1.2010 |
| 10 | EKM C | Cr.1327/09 u/s 406, 420, 34 IPC | Thrikkakkara | 8.1.2008, 18:05 Hrs | 11.09.2009 | Rajan | Biju Nair, Shiju, Saritha | Accused cheated the complainant by offering to install wind mill machine in the house of the complainant | 158000 | Arrested on 26.3.2010, 4 pm | Charged on 3.3.2011 |
| | | | | | | | | **Total Amount** | **9969250** | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5008 | 01.07.2013-ൽ മറുപടിയ്ക്ക്

## **ടീം സോളാർ തട്ടിപ്പ് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ടീം സോളാർ തട്ടിപ്പ് കേസിലെ പ്രതികളുമായി മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഫോണിൽ ബന്ധപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണ്; എങ്ങനെയാണ് ശ്രദ്ധയിൽപ്പെട്ടത്; ആരൊക്കെയാണ് ബന്ധപ്പെട്ടത്; ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എന്ത് നടപടിയാണ് സ്വീകരിച്ചത്; | (എ) | സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ PS ൽ Crime No. 368/13 U/s 406, 419, 420 & 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നവേളയിലാണ് ഇത്തരത്തിലുള്ള ആക്ഷേപം മാധ്യമങ്ങളിലൂടെയാണ് ശ്രദ്ധയിൽപ്പെട്ടത്. സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം നടത്തുന്ന പ്രത്യേക അന്വേഷണ സംഘം കേസന്വേഷണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ഓഫീസ് സ്റ്റാഫുകളേയും മറ്റും കണ്ട് അന്വേഷണം നടത്തിയിട്ടുള്ളതാണ്. ആരോപണവിധേയരായ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ ഡ്യൂട്ടിയിൽ നിന്ന് മാറ്റി നിർത്തുകയും മറ്റും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) | ഇത് സംബന്ധിച്ച പോലീസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | ടീം സോളാർ തട്ടിപ്പുകേസുകളുടെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. എ.ഡി.ജി.പി. സൗത്ത്സോണിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം കേസുകൾ അന്വേഷിച്ചു വരുന്നു. |
| (സി) | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) & (ഡി) | സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം നടന്നു വരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | ഇവരെ തട്ടിപ്പ് കേസിൽ പ്രതിചേർത്തിട്ടുണ്ടോ; ഇവർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5009 | 01.07.2013-ൽ മറുപടിയ്ക്ക്

## സോളാർ പ്ലാന്റ് തട്ടിപ്പ് കേസിലെ പ്രതി സരിത എസ്. നായർക്കെതിരെ പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ പ്ലാന്റ് തട്ടിപ്പ് കേസിലെ പ്രതി സരിത എസ് നായർക്കെതിരെ എത്ര പരാതികൾ കിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) 26 പരാതികൾ ലഭിച്ചിട്ടുണ്ട്.<br>( 19.06.2013 വരെയുള്ള കണക്ക്) |
| (ബി) പരാതികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് 26 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) എവിടെയെല്ലാമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;<br>(ഡി) ഈ കേസുകൾ ഏതെല്ലാം അന്വേഷണ ഉദ്യോഗസ്ഥരാണ് അന്വേഷിക്കുന്നത് എന്നത് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | (സി) & (ഡി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പരാതിയുടെ അടിസ്ഥാനത്തിൽ സരിത എസ്. നായർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ

| Sl. No. | Dist | Cr.No.Sec of law | PS | Enquiry Officer |
|---|---|---|---|---|
| 1 | TVM RL | Cr.142/2012 u/s 420 & 34 IPC | Kadakkavoor | SI, Kadakkavoor |
| 2 | PTA | Cr.491/05 u/s 381, 420, 467, 468, 477(a) IPC | Aranmula | Pratheek (Then SI) |
| 3 | PTA | Cr.318/13 u/s 420 IPC | Ranni | ADGP SZ, Spl.Investigation Team |
| 4 | PTA | Cr.656/13 u/s 420, 34 IPC | Konni | ADGP SZ, Spl.Investigation Team |
| 5 | PTA | Cr.482/13 u/s 406, 420, 34 IPC | Pulikkeezhu | ADGP SZ, Spl.Investigation Team |
| 6 | PTA | Cr.497/13 u/s 406, 419, 420, 34 IPC | Pulikkeezhu | ADGP SZ, Spl.Investigation Team |
| 7 | PTA | Cr.601/13 u/s 420 IPC | Koippuram | ADGP SZ, Spl.Investigation Team |
| 8 | PTA | Cr.817/13 u/s 420 & 34 IPC | Aranmula | ADGP SZ, Spl.Investigation Team |
| 9 | PTA | Cr.754/13 u/s 420 & 34 IPC | Pandalam | ADGP SZ, Spl.Investigation Team |
| 10 | ALPY | Cr.816/2013 u/s 420, 34 IPC | Ambalappuzha | DySP, Chenganoor |
| 11 | ALPY | Cr.162/2010 u/s 420, 34 IPC | Chenganoor | SI, Chenganoor |
| 12 | ALPY | Cr.56/10 u/s 420, 468, 470, 471, 34 IPC | North PS | SI,North PS |

| | | | | |
|---|---|---|---|---|
| 13 | IDKY | Cr.474/13 u/s 416, 419, 420, 463, 468, 471, 34 IPC | Rajakkad | ADGP SZ, Spl.Investigation Team |
| 14 | IDKY | Cr.480/13 u/s 420 & 34 IPC | Rajakkad | ADGP SZ, Spl.Investigation Team |
| 15 | EKM C | Cr.629/13 u/s 406, 420, 34 IPC | Town North | ADGP SZ, Spl.Investigation Team |
| 16 | EKM C | Cr.1327/09 u/s 406, 420, 34 IPC | Thrikkakkara | SI, Thrikkakkara |
| 17 | EKM C | Cr.769/13 u/s 406, 420 IPC | Town North | ADGP SZ, Spl.Investigation Team |
| 18 | EKM C | Cr.630/13 U/s 420 & 34 IPC | Town North | ADGP SZ, Spl.Investigation Team |
| 19 | EKM C | Cr.788/13 U/s 406,420 & 34 IPC | Town North | ADGP SZ, Spl.Investigation Team |
| 20 | EKM RL | Cr.368/2013 u/s 420, 406 IPC | Perumbavoor | DySP, Perumbavoor |
| 21 | EKM RL | Cr.274/2013 u/s406,420,468,418,419 & 34 IPC | Vazhakulam | DySP,Perumbavoor |
| 22 | KKD C | Cr.748/2012 u/s 420 IPC | Kasaba | DySP,Thamrassery |
| 23 | KKD C | Cr.219/13 u/s 419, 420 r/w 34 IPC | Elathur | DySP,Thamrassery |
| 24 | KNR | Cr.916/13 u/s 420 IPC | Town PS | DySP,Thaliparambu |
| 25 | KNR | Cr.1647/12 u/s 420 r/w 34 IPC | Thalassery PS | DySP,Thaliparambu |
| 26 | KSGD | Cr.771/13 u/s 420 r/w 34 IPC | Hosdurg PS | ADGP SZ, Spl.Investigation Team |

സെക്രട്ടറി ഭാരവാഹി

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5010      01.07.2013-ൽ മറുപടിയ്ക്ക്

**<u>സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിത എസ്. നായരുടെ പേരിലുള്ള കേസുകൾ</u>**

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സോളാർ തട്ടിപ്പുകേസിലെ പ്രതി സരിത എസ് നായരുടെ പേരിൽ സംസ്ഥാനത്താകെ നിലവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) ഇതുവരെ 33 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഓരോ കേസ്സും ഏത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തുവെന്നും എന്നാണ് രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സും ഏത് കുറ്റകൃത്യവുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കുമോ; | (ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഏതെല്ലാം കേസുകളിൽ ജയിൽ ശിക്ഷ അനുഭവിച്ചുവെന്നും എന്നുമുതൽ എന്നുവരെ ജയിൽവാസം അനുഭവിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) & (ഡി) വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) ഏതെല്ലാം കേസ്സുകളിൽ ജാമ്യം ലഭിച്ചുവെന്നും എപ്പോഴൊക്കെയാണ് ജാമ്യം ലഭിച്ചതെന്നും വ്യക്തമാക്കുമോ; | |
| (ഇ) ഇനിയും ഏതെല്ലാം കേസ്സുകളിലാണ് ചാർജ്ജ് ഷീറ്റ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# Solar Cheating Cases against Saritha S. Nair (up to 19.06.201)

| Sl. No. | Dist | Cr.No.Sec of law | PS | DR | Brief | Present stage |
|---|---|---|---|---|---|---|
| 1 | TVM C | Cr.910/09 u/s 120(b), 420,457, 488,472 & 34 IPC | MCPS | 26.12.2009 | Accused cheated the complainant by offering loan worth Rs.25 Crore, | UI |
| 2 | TVM C | Cr.36/10 u/s 420,406,468 & 34 IPC | Valiyathura | 20.1.2010, 21 Hrs | By offering the installation of Wind farms at Peerumede | Charged on 10.6.2012 (CC 144/12) |
| 3 | TVM C | Cr.45/10 u/s 419,420 & 34 IPC | MCPS | 15.1.2010 | Accused cheated the complainant by offering ADB loan | Charged on 9.10.2011, CC 700/11 |
| 4 | TVM C | Cr.69/10 u/s 120(b) & 420 IPC | MCPS | 22.1.2010 | Accused cheated the complainant by promising availing loan from NABARD worth Rs.2 Crore | RC |
| 5 | TVM C | Cr.70/10 u/s 120(b) & 420 IPC | MCPS | 22.1.2010 | Accused cheated the complainant by offering wind mills at Ponmudi | RC |
| 6 | TVM C | Cr.707/2005 u/s 309 IPC | MCPS (Cr.68/2005 transferred from Karamana PS and re registered in MCPS) | 4.11.2005 | Accused attempted to commit suicide by consuming 18 Alpoax tablets at Medical College premises. | Charged on 30.02.2006 (CC 615/2006) Accused acquited vide Sec.258 CrPC on 1.10.2009) |
| 7 | TVM RL | Cr.142/2012 u/s 420 & 34 IPC | Kadakkavoor | 8.2.2012 | Accused persons offered to arrange Kidney to the daughter of the complainant, received Rs.1.5 Lakh as advance and cheated without fulfilling the promise. Later the complainant's daugher died due to non transplantation of kidney. | charge sheeted on 23.8.2012 CC 998/2012 |
| 8 | PTA | Cr.491/05 u/s 381, 420, 467, 468, 477(a) IPC | Aranmula | 15.12.2005 | Accused cheated the complainant by misappropriation of money when she was working as staff in KSHFL branch Kozhancherry | Charge sheeted on 23.5.07, LP 3/2009, (CC 652/07) |
| 9 | PTA | Cr.318/13 u/s 420 IPC | Ranni | 22.03.2013, | Accused cheated the complainant by offering distribution agency of Solar company for Pathanamthitta Dist. | UI |

| | | | | | | |
|---|---|---|---|---|---|---|
| 10 | PTA | Cr.656/13 u/s 420, 34 IPC | Konni | 14.6.2013 | Accused cheated the complainant by offering to install Solar Panel in the Mallelil Industries owned by the complainant at Kinfra Park | UI |
| 11 | PTA | Cr.482/13 u/s 406, 420, 34 IPC | Pulikkeezhu | 12.6.2013 | Accused cheated the complainant by offering to install Solar Energy System in the Manakku Hospital owned by the complainant. | UI |
| 12 | PTA | Cr.497/13 u/s 406, 419, 420, 34 IPC | Pulikkeezhu | 18.6.2013 | Accused cheated the complainant by promising that he would arrange loan for Rs. One crore from SIBBI Bank and accepted Rs 75000 as service charge. | UI |
| 13 | PTA | Cr.601/13 u/s 420 IPC | Koippuram | 15.6.2013 | Accused cheated the complainant's uncle by offering to install Solar Energy System. | UI |
| 14 | PTA | Cr.817/13 u/s 420 & 34 IPC | Aranmula | 18.6.13 | Accused cheated the complainant by offering to install Solar Panels in his house and promised to appoint his son as MD in Team Solar Renewable Energy Solutions. | UI |
| 15 | PTA | Cr.754/13 u/s 420 & 34 IPC | Pandalam | 15.6.13 | Accused cheated the complainant by offering to install Solar Panel | UI |
| 16 | ALPY | Cr.816/2013 u/s 420, 34 IPC | Ambalappuzha | 8.6.2013 | Accused cheated the complainant by offering assistance to aquire wind mill Project at Muppanthal, Tamilnadu and to obtain Govt loan and subsidy | UI |
| 17 | ALPY | Cr.162/2010 u/s 420, 34 IPC | Chenganoor | 23.2.2010 | Accused cheated the complainant by offering foreign financial assistance to Olive International,, a firm owned by complainant. | Charged on 11.6.2010, LP 56/2012 (CC 1281/10) |

| | | | | | | |
|---|---|---|---|---|---|---|
| 18 | ALPY | Cr.56/10 u/s 420, 468, 470, 471, 34 IPC | North PS | 18.1.2010 | Accused persons cheated the complainant by offering partnership for their business | Referred as civil nature on 20.1.2010 |
| 19 | IDKY | Cr.474/13 u/s 416, 419, 420, 463, 468, 471, 34 IPC | Rajakkad | 15.6.2013 | Accused cheated the complainant and his friend Joseph by offering 3 Wind Mills each. | UI |
| 20 | IDKY | Cr.480/13 u/s 420 & 34 IPC | Rajakkad | 18.06.2013 | Accused cheated the complainant Raveendran, his brother Jayaprakash and friend Jaymon by offering Wind Mills. | UI |
| 21 | EKM C | Cr.629/13 u/s 406, 420, 34 IPC | Town North | 10.5.2013 | Accused cheated the complainant by offering wind mill projects and induced the complainant to bought the property worth Rs.20 Lakhs in Idukki for Rs.75 Lakhs | UI |
| 22 | EKM C | Cr.1327/09 u/s 406, 420, 34 IPC | Thrikkakkara | 11.09.2009 | Accused cheated the complainant by offering to install wind mill machine in the house of the complainant | Charged on 3.3.2011 |
| 23 | EKM C | Cr.769/13 u/s 406, 420 IPC | Town North | 13.6.2013 | Accused cheated the complainant by offering to install Solar Panel in the Atlas Jewellary at Palarivattom. | UI |
| 24 | EKM C | Cr.630/13 U/s 420 & 34 IPC | Town North | 17.6.13 | Accused cheated Skyline Airlink by not giving Air Ticket charges | UI |
| 25 | EKM C | Cr.788/13 U/s 406,420 & 34 IPC | Town North | 16.6.13 | Accused cheat the complainant by offering partnership in their firm. | UI |
| 26 | EKM RL | Cr.368/2013 u/s 420, 406 IPC | Perumbavoor | 21.3.2013 | Accused and another person who introduced as husband cheated the complainant by offering solar panels for houses and establishments and wind mill at Tamilnadu. | UI |

| | | | | | | |
|---|---|---|---|---|---|---|
| 27 | EKM RL | Cr.274/2013 u/s406,420,468,418,419 & 34 IPC | Vazhakulam | 20.06.13 | Accused cheated the complaintant by offering to install wind mill at Tamilnadu. | UI |
| 28 | TSR RL | Cr.468/13 u/s 406, 420 IPC | Puthukkad | 26.3.2013 | Accused cheated the complainant by offering to install Solar System in his house | On enquiry it was found that the amount was fully repayed by the accused. Hence FAD report submitted |
| 29 | KKD C | Cr.748/2012 u/s 420 IPC | Kasaba | 9.11.2012 | Accused cheated the complainant by offering agency of Wind Power Project having offices in India and abroad | UI |
| 30 | KKD C | Cr.219/13 u/s 419, 420 r/w 34 IPC | Elathur | 15.6.2013 | Accused introduced them-selves as R.B.Nair and Lekshmi Nair obtained Rs.12 Lakhs from the complainant by offering dealership of Team Solar in Palakkad and Thrissur dists and cheated the complainant by not giving dealership | UI |
| 31 | KNR | Cr.916/13 u/s 420 IPC | Town PS | 6.6.2013 | Accused cheated the complainant by offering to install Solar System in his house and the houses of complainant's 2 sisters | UI |
| 32 | KNR | Cr.1647/12 u/s 420 r/w 34 IPC | Thalassery PS | 21.11.12 | Accused cheated the complainant and some others by offering to install Solar System in their houses | UI |
| 33 | KSGD | Cr.771/13 u/s 420 r/w 34 IPC | Hosdurg PS | 19.6.2013 | Accused cheated the complainant by offering agency of wind power from ICMS Power Coimbatore. | UI |
| | | | | | | |

പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5011

01.07.2013-ൽ മറുപടിക്ക്.

## ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കെമിക്കൽ എക്സാമിനേഴ്സ് ലാബിൽ ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദാംശം നൽകുമോ ; | : (എ) നിലവിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർമാരുടെ 3 ഒഴിവുകളാണുള്ളത്. പ്രസ്തുത ഒഴിവിൽ ഒരെണ്ണം പ്രൊമോഷൻ വഴി നികത്തപ്പെടേണ്ടതാണ്. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | : (ബി) സൂപ്പർ ന്യൂമററി ആയി 2 ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.യെ അറിയിച്ചിട്ടുള്ളതാകുന്നു. |
| (സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ? | : (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5012   1.7.2013 ലെ മറുപടിക്ക്

**സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റ്**

**ചോദ്യം**

**ശ്രീ. വി.ഡി. സതീശൻ**

**മറുപടി**

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| പി.എസ്.സി വഴി നിയമിതരായ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കുവാനുള്ള തടസ്സം എന്തെന്നും എന്ന് പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | ഇല്ല. സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ലിസ്റ്റ് (ജില്ലാതലത്തിൽ) തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5013

01.07.2013 - ൽ
മറുപടിയ്ക്ക്

## പോലീസ് സർജൻ ഓണറേറിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലുമായി എത്ര ഡോക്ടർമാർ ആഭ്യന്തര വകുപ്പ് അനുവദിച്ചിട്ടുള്ള പ്രതിമാസ പോലീസ് സർജൻ ഓണറേറിയം വാങ്ങി പോലീസ് സർജന്മാരായി ജോലി ചെയ്യുന്നുണ്ട്; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 37 ഡോക്ടർമാരും ആരോഗ്യ വകുപ്പിൽ ഒരു ഡോക്ടറും പോലീസ് സർജന്മാരായി ജോലി ചെയ്യുന്നുണ്ട്. |
| (ബി) ഇവരിൽ എത്ര പേർ പോലീസ് സർജൻ, ജില്ലാ പോലീസ് സർജൻ, ഡെപ്യൂട്ടി പോലീസ് സർജൻ, അസിസ്റ്റന്റ് പോലീസ് സർജൻ തസ്തികകളിൽ ജോലി ചെയ്യുന്നു. | (ബി) ആരോഗ്യ വകുപ്പിൽ ഈ വിഭാഗത്തിലെ ഏക ഡോക്ടർ പോലീസ് സർജനായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 7 ഡോക്ടർമാർ പോലീസ് സർജന്മാരായും, 17 ഡോക്ടർമാർ ഡെപ്യൂട്ടി പോലീസ് സർജന്മാരായും 13 ഡോക്ടർമാർ അസിസ്റ്റന്റ് പോലീസ് സർജന്മാരായും ജോലി ചെയ്യുന്നു. |
| (സി) ഇവർക്ക് ആഭ്യന്തര വകുപ്പ് അനുവദിച്ചിട്ടുള്ള പ്രതിമാസ പോലീസ് സർജൻ ഓണറേറിയം എത്ര രൂപ വീതമാണ്; പ്രസ്തുത നിരക്കുകൾ അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്; നിരക്കുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) 2007 ലാണ് അവസാനമായി പരിഷ്ക്കരിച്ച് ഒരു പോസ്റ്റ്മോർട്ടത്തിന് 290/- രൂപയായി നിശ്ചയിച്ചത്. നിരക്ക് പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5014 1.7.2013 ൽ മറുപടിക്ക്

## കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ ജീവനക്കാർ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ വിവരങ്ങൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (എ) ടി സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ചുവടെ കൊടുക്കുന്നു. സബ് ഇൻസ്പെക്ടർ -8, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ -3, സീനിയർ സിവിൽ പോലീസ് ഓഫീസർ -17, സിവിൽ പോലീസ് ഓഫീസർ -30, വിമൻ സിവിൽ പോലീസ് ഓഫീസർ -6, പാർട്ട് ടൈം സ്വീപ്പർ -1 |
| ബി) നിലവിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) സബ് ഇൻസ്പെക്ടറുടെ ഒരു തസ്തികയിലും പാർട്ട് ടൈം സ്വീപ്പറിന്റെ ഒരു തസ്തികയിലും ഒഴിവുണ്ട്. |
| സി) പോലീസ് സ്റ്റേഷന്റെ അധികാര വിസ്തൃതിക്ക് അനുസരിച്ചുള്ള അംഗബലം കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ഉണ്ടോ; | (സിയും, ഡിയും) അംഗബലം കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) പോലീസ് സ്റ്റേഷനിൽ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ. 5015** — **01.07.2013-ൽ മറുപടിയ്ക്ക്**

### ദേശീയ പാതയിലെ വാഹന പരിശോധന

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ**

**മറുപടി**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)**

**(എ)** 2013 ജനുവരി 1 മുതൽ ജൂൺ 15 വരെ കോഴിക്കോട് മുതൽ വടകര വരെയുള്ള ദേശീയ പാതയിൽ ഓരോ സ്റ്റേഷൻ പരിധിയിലും പോലീസ് എത്ര വാഹന പരിശോധന നടത്തി എന്ന് വ്യക്തമാക്കുമോ;

**(എ)** വാഹന പരിശോധന നടത്തിയ കണക്കുകളൊന്നും പ്രത്യേകം സൂക്ഷിക്കാറില്ല.

**(ബി)** ഈ പരിശോധനയിലൂടെ എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്ന് സ്റ്റേഷൻ തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

**(ബി)** വാഹന പരിശോധനയ്ക്കിടയിൽ മേൽ പറയുന്ന ഭാഗത്ത് പിടിക്കപ്പെട്ട കേസുകളുടെ സ്റ്റേഷൻ തിരിച്ചും ഇനം തിരിച്ചും ഉള്ള വിവരം ചുവടെ ചേർക്കുന്നു.

| പോലീസ് സ്റ്റേഷൻ | എത്ര കേസുകൾ എടുത്തിട്ടുണ്ട്. |
|---|---|
| എലത്തൂർ | 23 |
| നടക്കാവ് | 215 |
| സിറ്റി ട്രാഫിക് | 138 |
| വടകര | 2876 |
| കൊയിലാണ്ടി | 8271 |
| പയ്യോളി | 26152 |

| പോലീസ് സ്റ്റേഷൻ | ഇനം തിരിച്ച് (വകുപ്പുകൾ) |
|---|---|
| എലത്തൂർ | 185 of MV Act 279 IPC |
| നടക്കാവ് | |
| സിറ്റി ട്രാഫിക് | |

| ഇനം തിരിച്ച് (വകുപ്പുകൾ) | വടകര പോലീസ് സ്റ്റേഷൻ | കൊയിലാണ്ടി പോലീസ് സ്റ്റേഷൻ | പയ്യോളി പോലീസ് സ്റ്റേഷൻ |
|---|---|---|---|
| 185 of MV Act | 44 | 127 | 7 |
| 184 of MV Act | 54 | 111 | 158 |
| Over Speed | 258 | 270 | 5025 |
| Without Helmet | 1748 | 4800 | 4681 |
| Without Seat Belt | 98 | 363 | 968 |
| Others | 674 | 2600 | 15313 |

**(സി)** ഈ കാലയളവിൽ ഈ റൂട്ടിൽ എത്ര അപകടങ്ങളുണ്ടായി എന്നും അപകടങ്ങളുണ്ടാക്കിയ വാഹനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

**(സി)** ഈ റൂട്ടിൽ ആകെ 264 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അപകടങ്ങൾ ഉണ്ടാക്കിയ വാഹനങ്ങൾ - ബസ്, ലോറി, ടിപ്പർ, ടാങ്കർ ലോറി, കാറുകൾ, വാൻ, ഓട്ടോറിക്ഷകൾ, ജീപ്പ്, മോട്ടോർ സൈക്കിൾ തുടങ്ങിയവ.

**(ഡി)** ഈ അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടു എന്നും എത്ര പേർക്ക് പരിക്കുപറ്റി എന്നും വിശദാംശം ലഭ്യമാക്കുമോ ;

**(ഡി)** 44 പേർ മരണപ്പെട്ടിട്ടുണ്ട്. 294 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

**(ഇ)** ഈ റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടത്തെപ്പറ്റി പരാതികളുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

**(ഇ)** പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ ഡ്രൈവർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അമിത വേഗതയിൽ വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5016**

01.07.2013 ൽ മറുപടിയ്ക്ക്

## ആറ്റിങ്ങലിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ കവർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആറ്റിങ്ങൽ പട്ടണത്തിൽ പോപ്പുലർ ഫിനാൻസ് എന്ന സ്വകാര്യധനകാര്യ സ്ഥാപനത്തിൽ 4 ജീവനക്കാരെ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) ഇതുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 654/13 u/s 394 IPC പ്രകാരമുള്ള കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. |
| (ബി) കേസന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന മേലുദ്യോഗസ്ഥൻ ആരാണെന്നും, കേസന്വേഷണത്തിന് സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) ടി കേസ് ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ആറ്റിങ്ങൽ, വെഞ്ഞാറമൂട്, വർക്കല എന്നിവിടങ്ങളിലെ പോലീസ് ഇൻസ്പെക്ടർമാരെയും ചിറയിൻകീഴ്, കല്ലമ്പലം പോലീസ് സ്റ്റേഷനുകളിലെ സബ് ഇൻസ്പെക്ടർമാരെയും ആറ്റിങ്ങൽ സബ് ഡിവിഷനിലെ 17 സീനിയർ സി.പി.ഒ/സി.പി.ഒ. മാരെയും ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്. |

.....2

(സി) ആറ്റിങ്ങൽ മേഖലയിൽ നിരന്തര മുണ്ടാകുന്ന കവർച്ചകളും അക്രമ ങ്ങളും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) ആറ്റിങ്ങൽ മേഖലയിൽ നിരന്തരം കവർച്ച കളും അക്രമങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാ നായി ശക്തമായ പോലീസ് പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും മറ്റും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം: 5017**

**01.07.2013 -ലെ മറുപടിക്ക്**

### മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ക്രിമിനൽ കേസ്സുകൾ

| ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ മൂന്ന് വർഷത്തിൽ എത്ര ക്രിമിനൽ കേസ്സുകൾ ചാർജ്ജ് ചെയ്തു എന്ന് പോലീസ് സ്റ്റേഷനുകൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കമോ; | (എ) മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ - 1151,<br>കുമ്പള പോലീസ് സ്റ്റേഷൻ - 969,<br>ബദിയടുക്ക പോലീസ് സ്റ്റേഷൻ - 133. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനിലായി എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ? | (ബി) മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ - 1438,<br>കുമ്പള പോലീസ് സ്റ്റേഷൻ - 1436,<br>ബദിയടുക്ക പോലീസ് സ്റ്റേഷൻ - 154. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5018 01.07.2013-ൽ മറുപടി**

**ആലപ്പുഴ ജില്ലയിൽ 'കാപ്പ' വകുപ്പ് ചുമത്തിയവരുടെ വിശദാംശങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ആലപ്പുഴ ജില്ലയിൽ ആരെയെങ്കിലും 'കാപ്പ' വകുപ്പ് ചുമത്തി ജില്ലയിൽ നിന്നും പുറത്തേക്ക് വിട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; രാഷ്ട്രീയ പാർട്ടി പ്രവർത്തകരായ എത്ര പേർക്കെതിരെ ഈ വകുപ്പ് ചുമത്തിയിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ ; | (എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അജി, വെണ്മണി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ശ്രീജിത്ത്, ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള രാജീവൻ, മാന്നാർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള സുനിൽകുമാർ എന്നിവർക്കെതിരെ കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം സഞ്ചലനനിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി മാത്രം ഉണ്ടായിട്ടുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്കെതിരെ കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. |
| ബി) മാവേലിക്കര പടനിലം ഹയർ സെക്കൻഡറി സ്കൂളിലെ ആൻസി എന്ന വിദ്യാർത്ഥിനിയെ പീഡിപ്പിച്ച ഷാജിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി അറസ്റ്റ് ചെയ്യുമോ; ഇയാൾക്കെതിരെ ചുമത്തിയിരിക്കുന്ന വകുപ്പുകൾ വ്യക്തമാക്കുമോ? | (ബി) ശ്രീ. ഷാജിയെ അറസ്റ്റു ചെയ്തിട്ടില്ല. അന്വേഷണത്തിൽ ടിയാൻ ഒളിവിലാണ് എന്ന് മനസ്സിലാക്കിയിട്ടുണ്ട്. അറസ്റ്റുചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ത്യൻ ശിക്ഷാ നയമത്തിലെ വകുപ്പ് 366-A, 376, 506(ii), 323 & 34, 2012-ലെ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റിലെ വകുപ്പ് 3(a), (4) എന്നിവ പ്രകാരമാണ് ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5019** — **01.07.2013 -ലെ മറുപടിക്ക്**

### പണവും ആധാരങ്ങളും തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് പി.എ. ജോബോയിക്കെതിരെയുള്ള പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പൊതുജനങ്ങളെ കബളിപ്പിച്ച് പണവും വസ്തു സംബന്ധമായ ആധാരങ്ങളും തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് ചാലക്കുടി തണ്ടപ്പള്ളി വീട്ടിൽ പി.എ. ജോബോയിക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 7 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) ഇതിൽ 4 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.<br>1. കൊരട്ടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1573/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act.<br>2. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 2035/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act.<br>3. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1976/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act. |

4. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 2115/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act.

ഇതിനു പുറമെ ചാലക്കുടി ഡി.വൈ.എസ്.പി. ടിയാന്റെ വീട് പരിശോധിച്ചതിൽ ആധാരങ്ങളും മറ്റ് രേഖകളും അനധികൃതമായി സൂക്ഷിച്ചിരിക്കുന്നത് കണ്ടെത്തിയതിനാൽ ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 2007/12 u/s 3 r/w 17 of Kerala Money Lenders Act പ്രകാരം ഒരു കേസ് കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പണവും വസ്തുവിന്റെ ആധാരങ്ങളും നഷ്ടപ്പെട്ടവർക്ക് ഇത് തിരികെ ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | (സി) പരാതികളിന്മേൽ രജിസ്റ്റർ ചെയ്ത കേസുകളുടെ കുറ്റപത്രങ്ങൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ ബഹു: കോടതിയുടെ ഉത്തരവ് അനുസരിച്ച് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **5020**

**01.07.2013-ൽ മറുപടിക്ക്.**

## കർഷകർക്ക് ഗൺ ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ വന്യജീവികളിൽ നിന്നും സംരക്ഷണം നൽകുന്നതിലേക്കായി കർഷകർക്ക് ഗൺ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) ഇത്തരം ആവശ്യങ്ങൾക്കായി മുമ്പ് നൽകിയിരുന്ന ഗൺ ലൈസൻസുകൾ ക്യാൻസൽ ചെയ്ത എത്ര കേസുകൾ ജില്ലയിലുണ്ട് ; | : (ബി) 4349 |
| (സി) ഇങ്ങനെ ക്യാൻസൽ ചെയ്യാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ ; | : (സി) ലൈസൻസികൾ മരണപ്പെട്ടത് മൂലവും ലൈസൻസികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും, കാർഷിക വിളകൾക്ക് വന്യജീവികളിൽ നിന്നും ആക്രമണമുണ്ടാകുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ലൈസൻസുകൾ റദ്ദ് ചെയ്തത്. |
| (ഡി) വന്യജീവികൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന സാഹചര്യത്തിൽ ക്യാൻസൽ ചെയ്ത ഗൺ ലൈസൻസുകൾ പുതുക്കി നൽകണമെന്ന കർഷകരുടെ ഹർജിയിൽ അനുഭാവപൂർണ്ണമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ? | : (ഡി) ആയുധ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായും കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചും റദ്ദ് ചെയ്ത ആയുധ ലൈസൻസുകളിന്മേൽ തീരുമാനം കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5021 1.7.2013 ലെ മറുപടിക്ക്

**സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പിന്തള്ളപ്പെട്ടതു സംബന്ധിച്ച് വി.സി. ഉണ്ണിക്കുട്ടൻ മുതൽ പേരുടെ പരാതി**

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 1989 -ൽ ഹെഡ് കോൺസ്റ്റബിൾമാരായി നിയമനം ലഭിച്ച വി.സി. ഉണ്ണികൃഷ്ണൻ തുടങ്ങിയ 7 പേർ സബ് ഇൻസ് പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ പിന്തള്ളപ്പെട്ടതു സംബന്ധിച്ച പരാതിയിന്മേൽ, ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13.12.2011-ലെ 3665/2011/ആഭ്യന്തരം നമ്പർ ഉത്തരവിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ)യും, (ബി)യും) ഉണ്ട്. പുനഃക്രമീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ കരട് പരിശോധിച്ചു വരുന്നു. |
| ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കി, പരാതിക്കാർക്ക് നീതി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5023 — 01.07.2013-ൽ മറുപടിയ്ക്ക്

### ഹെൽമറ്റില്ലാതെ വാഹനം ഓടിച്ചതിന് ചാർജ് ചെയ്ത കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | കായംകുളം പോലീസ് സർക്കിൾ പരിധിയിൽ ഹെൽമറ്റില്ലാതെ വാഹനം ഓടിച്ചതിന് 2012 മാർച്ച് മുതൽ 2013 മാർച്ച് വരെ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 20107 പെറ്റി കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിലൂടെ പിഴ ഇനത്തിൽ എത്ര രൂപ സർക്കാരിനു ലഭിച്ചു എന്നു വ്യക്തമാക്കാമോ; | (ബി) | 20,10,700/- രൂപ (ഇരുപത് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ് രൂപ) ഈടാക്കിയിട്ടുണ്ട്. |
| (സി) | തിരക്കേറിയ കായംകുളം തിരുവല്ല റോഡിൽ പോലീസ് പിടിച്ചെടുത്ത ജെ.സി.ബി. പാർക്ക് ചെയ്തിരിക്കുന്നതു മൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആയത് അവിടെ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ജെ.സി.ബി. കേടായി കിടക്കുന്നതിനാൽ ആയത് ശരിയാക്കി ടി സ്ഥലത്ത് നിന്നും മാറ്റുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഗതാഗതക്കുരുക്കേറിയ ഈ ഭാഗത്ത് ജെ.സി.ബി. യുടെ മറവിൽ പോലീസ് നടത്തുന്ന ഹെൽമറ്റ് പരിശോധന ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5024

01.07.2013-ൽ മറുപടിക്ക്.

## മങ്കട നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മങ്കട നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി പുനഃക്രമീകരിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പുനഃക്രമീകരിക്കുന്നതിന് ഇത് വരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | : (ബി) മങ്കട പോലീസ് സ്റ്റേഷന്റെ അധികാര പരിധി പുനർ നിർണ്ണയിക്കുന്നതിനായി ടി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പൊതുപ്രവർത്തകരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുള്ളതും അധികാര പരിധി പുനർ നിർണ്ണയിക്കുന്നതിനായുള്ള ഒരു കരട് വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5025** **01.07.2013-ൽ മറുപടിക്ക്.**

**മാവേലിക്കര മണ്ഡലത്തിൽ കുറത്തികാട് പോലീസ് സ്റ്റേഷന് കെട്ടിടം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| മാവേലിക്കര മണ്ഡലത്തിൽ കുറത്തിക്കാട് പോലീസ് സ്റ്റേഷൻ കെട്ടിടം അടിയന്തിരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ? | : | കുറത്തിക്കാട് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ചുനക്കര വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 264/12-ൽ ഉൾപ്പെട്ട 8.09 ആർ തരിശ് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 5026**

**01.07.2013-ൽ മറുപടിക്ക്.**

## കല്ലടിക്കോട് പോലീസ് സ്റ്റേഷന് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| കല്ലടിക്കോട് പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തി നൽകിയാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | : കല്ലടിക്കോട് പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തി നൽകിയാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5028 | 01.07.2013-ൽ മറുപടിയ്ക്ക്

## പറവൂർ പീഡന കേസ് വിചാരണ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ് . ശർമ്മ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പറവൂർ പീഡന കേസിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; പ്രതിപ്പട്ടികയിൽ എത്ര പേരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) കേസിന്റെ വിചാരണ എത്ര കാലം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത കേസിൽ പ്രത്യേക കോടതി വിചാരണയ്ക്ക് വിധേയമാക്കണമെന്ന കാര്യത്തിൽ ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;<br><br>(സി) കാലതാമസം കൂടാതെ പ്രതികൾക്ക് അർഹമായ ശിക്ഷ ഉറപ്പുവരുത്തുവാൻ, കേസിൽ സാക്ഷികളായ 90 ശതമാനം പേരും പറവൂർ മേഖലയിൽ നിന്നുള്ളവരാണ് എന്നുള്ളതുകൊണ്ട്, പറവൂരിൽ താരതമ്യേന കേസു കുറഞ്ഞ കോടതിയിലേക്ക് പ്രത്യേക കേസായി വിചാരണ ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (എ), (ബി) & (സി) പറവൂർ പീഡനകേസുമായി ബന്ധപ്പെട്ട് ഒരു കേസാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതിൽ പ്രതിപട്ടികയിൽ 149 പേർ ഉണ്ട്. ഇതിൽ പല കുറ്റപത്രങ്ങൾ പോലീസ് ഫയൽ ചെയ്യുകയും, അവയിൽ 10 എണ്ണം മജിസ്ട്രേറ്റ് കോടതിയിൽ കമ്മിറ്റ് ചെയ്ത് സെഷൻസ് കേസായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപ്രകാരം കുറ്റപത്രം സമർപ്പിക്കപ്പെട്ടതിൽ 46 പ്രതികളുണ്ട്. ഇനിയും നിരവധി കുറ്റപത്രങ്ങൾ സമർപ്പിക്കുവാനുണ്ട്. ആയതിനാൽ കേസുകൾ എത്രകാലം കൊണ്ട് പൂർത്തികരിക്കാനാകുമെന്ന് ഇപ്പോൾ പറയാനാവില്ല. സാധിക്കുമെങ്കിൽ 2012- 13 വർഷം തന്നെ വിചാരണ പൂർത്തിയാക്കണമെന്ന നിർദ്ദേശം ഹൈക്കോടതി നൽകിയിരുന്നു. ഈ കേസിൽ വേഗം തീർപ്പ് കൽപ്പിക്കുന്നതിനായി 09.03.2012 ലെ സർക്കാർ ഉത്തരവ് നമ്പർ G.O (P) 15/2012/SWD തീയതി പ്രകാരം അഡീഷണൽ ജില്ലാക്കോടതി - II എറണാകുളം, പ്രത്യേക കോടതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5029** **01.07.2013-ൽ മറുപടിക്ക്.**

## വാരാപ്പുഴ പീഡനക്കേസിലെ പ്രതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വാരാപ്പുഴ പീഡനക്കേസിലെ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും അർഹമായ ശിക്ഷ നൽകുന്നതിനും പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ; | : (എ) വരാപ്പുഴ പീഡനക്കേസിന്റെ വേഗത്തിലുള്ള വിചാരണയ്ക്കായി എറണാകുളം ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി II പ്രത്യേക കോടതിയായി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കേസിന്റെ ആരംഭഘട്ടത്തിൽ അന്വേഷിച്ചിരുന്ന അന്വേഷണ ഉദ്യോഗസ്ഥർ ആരായിരുന്നു ; ഇപ്പോൾ കേസന്വേഷിക്കുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | : (ബി) നോർത്ത് പറവൂർ സർക്കിൾ ഇൻസ്പെക്ടർമാരായ കെ.ജി.ബാബുകുമാർ, കെ.എ.അബ്ദുൾസലാം, വടക്കേക്കര സർക്കിൾ ഇൻസ്പെക്ടർ ജോർജ് ജോസഫ് എന്നിവരാണ് ആരംഭഘട്ടത്തിൽ കേസന്വേഷിച്ചിരുന്നത്. കേരള പോലീസ് ബറ്റാലിയൻ & ട്രാഫിക് പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ.ബി.സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള വുമൻ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ മേൽനോട്ടത്തിൽ പാലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബിജു.കെ.സ്റ്റീഫൻ അന്വേഷണ ഉദ്യോഗസ്ഥനായി നിലവിൽ ടി കേസ്സിന്റെ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5030 01.07.2013-ൽ മറുപടിയ്ക്ക്

**വരാപ്പുഴ പീഡന ക്കേസ് അന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ് . ശർമ്മ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വരാപ്പുഴ പീഡന കേസിന്റെ അന്വേഷണം ഏത് വരെയായി എന്ന് വിശദമാക്കാമോ; | (എ) ഈ കേസ്സിലെ കൃത്യത്തിൽ ഉൾപ്പെട്ടുവെന്ന് വെളിവായിട്ടുള്ള 73 പേരെ പ്രതി പട്ടികയിൽ ചേർത്ത് അന്വേഷണം നടത്തിയതിൽ 61 പ്രതികളെ അറസ്റ്റ് ചെയ്യിട്ടുള്ളതും 12 പ്രതികൾ ഒളിവിൽ കഴിയുന്നതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതും ആണ്. ഈ കേസ്സിലേക്ക് 9 ഭാഗം കുറ്റപത്രങ്ങൾ തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ടി കുറ്റപത്രങ്ങൾ വിചാരണയിലിരിക്കുകയുമാണ്. |
| (ബി) പെൺകുട്ടി പ്രതികളെ തിരിച്ചറിഞ്ഞതിന്റെയും മൊഴിയുടെയും അടിസ്ഥാനത്തിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യിട്ടുള്ളത് ; ഇതിനകം എത്ര പേരെ ചോദ്യം ചെയ്യിട്ടുണ്ട്; | (ബി) ഒരു കേസ് രജിസ്റ്റർ ചെയ്യിട്ടുണ്ട്. 86 പേരെ ഈ കേസിലേക്ക് ചോദ്യം ചെയ്യിട്ടുണ്ട്. |
| (സി) പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ഇതിനകം അന്വേഷണ സംഘം നടത്തിയ നടപടികൾ എന്തൊക്കെയാണ് | (സി) ഈ കേസ്സിലെ കൃത്യത്തിൽ ഉൾപ്പെട്ടുവെന്ന് വെളിവായിട്ടുള്ള 73 പേരെ പ്രതി പട്ടികയിൽ ചേർത്ത് അന്വേഷണം നടത്തിയതിൽ 61 പ്രതികളെ അറസ്റ്റ് ചെയ്യിട്ടുള്ളതും 12 പ്രതികൾ ഒളിവിൽ കഴിയുന്നതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഈ കേസ്സിൽ 9 ഭാഗം കുറ്റപത്രങ്ങൾ തയ്യാറാക്കി ബഹു നോർത്ത് പറവൂർ JFCM കോടതിയിൽ |

—

സമർപ്പിച്ചിട്ടുള്ളതും ആയതിൽ ഒന്നാമത്തെ കുറ്റപത്രം എസ്. സി 349/12 ആയി ബഹു എറണാകുളം അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണയിലിരിക്കുന്നതും മറ്റു കുറ്റപത്രങ്ങൾ യഥാക്രമം സി.പി. 25/12, 34/12, 37/12, 38/12, 39/12, 40/12, 41/12, 42/12 നമ്പരായി ബഹു നോർത്ത് പറവൂർ JFCM കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതുമാണ്.

| | | | |
|---|---|---|---|
| (ഡി) | പ്രതികളെ രക്ഷപ്പെടുത്തുവാൻ ബോധപൂർവ്വം ശ്രമിക്കുന്നുവെന്ന് മാധ്യമങ്ങളിൽ വന്നിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാർത്തയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഗിരിഷ് ബാബു എന്നയാൾ ബഹു നോർത്ത് പറവൂർ JFCM കോടതിയിൽ സമർപ്പിച്ചിരുന്ന 414/2012 നമ്പർ പരാതിക്ക് അടിസ്ഥാനമായ കാര്യങ്ങൾ മാദ്ധ്യമങ്ങളിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ടി വാർത്തയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (ഇ) | വരാപ്പുഴ സ്ത്രീ പീഡന കേസിൽ ചാർജ് ഷീറ്റ് എന്ന് കോടതിയിൽ സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിചാരണ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്? | (ഇ) | കേസിൽ ഒളിവിൽ കഴിയുന്ന പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് തെളിവുകൾ ശേഖരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള കുറ്റപത്രങ്ങൾ ബഹു കോടതിയിൽ സമർപ്പിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5031 1.7.2013 ലെ മറുപടിക്ക്

## വടക്കഞ്ചേരി സി.ഐക്കെതിരായ നടപടി

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ബൈക്ക് കസ്റ്റഡിയിൽ എടുക്കേണ്ടതിനു പകരം മകന് ഉപയോഗിക്കുവാൻ നൽകിയതിന് പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി സി.ഐ-ക്കെതിരായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;<br>സി) ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; | (ബി)യും, (സി)യും) പരാതി വിഷയം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി വരുന്നു. |
| ഡി) സി.ഐ.ക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി)യും, (ഇ)യും) അന്വേഷണത്തിൽ കുറ്റക്കാരനാണ് എന്ന കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5032**

**01.07.2013 -ലെ മറുപടിക്ക്**

### കോഴിക്കോട് പന്നിയങ്കരയിൽ രണ്ടു പേർ മരിക്കാനിടയായ സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എളമരം കരീം**<br>**ശ്രീ എ. പ്രദീപ് കുമാർ**<br>**ശ്രീ. പി.റ്റി.എ. റഹീം**<br>**ശ്രീ. കെ. ദാസൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് പന്നിയങ്കരയിൽ രണ്ടു പേർ മരിക്കാനിടയായ അനിഷ്ട സംഭവങ്ങളെക്കുറിച്ചുള്ള ഗവൺമെന്റ് സെക്രട്ടറിതല അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സർക്കാർ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (ബി) അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും വെളിപ്പെടുത്താമോ; | |
| (സി) സംഭവത്തിനുത്തരവാദികളായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) പന്നിയങ്കര സബ് ഇൻസ്പെക്ടർ അനിൽകുമാറിനെ മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5033 01.07.2013-ൽ മറുപടി

### രാഷ്ട്രീയക്കാർ പ്രതികളായുള്ള കൊലപാതകങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) 2012 ജൂൺ ഒന്നിനു ശേഷം രാഷ്ട്രീയക്കാർ പ്രതികളായിട്ടുള്ള എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ; വിശദമായ വിവരം ലഭ്യമാക്കുമോ ; ഇവരുടെ രാഷ്ട്രീയ ബന്ധം വിശദമാക്കുമോ ? | (എ) 2 കൊലപാതകങ്ങൾ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മലപ്പുറം ജില്ലയിലെ അരീക്കോട് പോലീസ് സ്റ്റേഷൻ പരിധിയിൽ കുനിയിൽ എന്ന സ്ഥലത്ത് വെച്ച് 10.06.2012 - ന് കൊളക്കാടൻ അബൂബക്കർ, കൊളക്കാടൻ അസ്സാദ് എന്നിവരെ കൊലപ്പെടുത്തിയ കാര്യത്തിനു അരീക്കോട് പോലീസ് സ്റ്റേഷൻ ക്രൈം നം 240/12 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശ്ശൂർ സിറ്റി ജില്ലയിൽ മധു ഈച്ചരത്ത് എന്നയാൾ വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അയ്യന്തോളിൽ വെച്ച് 01.06.2013-ന് കൊല ചെയ്യപ്പെട്ട സംഭവത്തിന്മേൽ തൃശ്ശൂർ വെസ്റ്റ് പോലീസ് ക്രൈം നം 771/13 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ ഷിനോജ്, മാർട്ടിൻ, പ്രവീൺ, സുരേഷ്, പ്രജിത്ത്, സന്ദീപ്, പ്രേംജി എന്നിവർ പ്രതികളാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5034** — **01.07.2013 -ലെ മറുപടിക്ക്**

## സി.പി.ഐ. കാഞ്ഞങ്ങാട് മണ്ഡലം സെക്രട്ടറിയെയും ഭാര്യയെയും ആക്രമിച്ച കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ സി.പി.ഐ. കാഞ്ഞങ്ങാട് മണ്ഡലം സെക്രട്ടറി ദാമോദരനെയും ഭാര്യയെയും അർദ്ധ രാത്രിയിൽ മുഖംമൂടി സംഘം ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നം. 545/13 u/s 452, 324, 506(II), 308 r/w 34 IPC. |
| (സി) കേസിലെ പ്രതികൾ ആരൊക്കെയാണ്; എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ഈ കേസിൽ 4 പ്രതികളാണുള്ളത് (1) പദ്മനാഭൻ. കെ., S/o. കുഞ്ഞമ്പുനായർ, പത്മാലയ, വെള്ളൂർ എന്നയാളെ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ മറ്റ് 3 പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. പ്രതികൾ ഒളിവിലായതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |

(ഡി) കേസ്സ് സംബന്ധിച്ച കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

(ഡി) കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണം പൂർത്തിയായാലുടൻ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-5035 01.07.2013-ൽ മറുപടി നൽകേണ്ടത്

**കോൺഗ്രസ് പ്രവർത്തകർ പ്രതികളായ കേസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി. |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ കോൺഗ്രസ് പ്രവർത്തകർ പ്രതികളായ എത്ര കേസ്സുകൾ എഴുതിത്തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | 57 കേസുകൾ എഴുതിത്തള്ളിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5036 | 01.07.2013-ൽ മറുപടിക്ക്.

## ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | : (എ) സ്വന്തമായി കെട്ടിടമില്ലാത്ത ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി ഈ സാമ്പത്തിക വർഷം നാലുകോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ<br>'4059-60-051-85-അഗ്നിപ്രതിരോധവും<br>നിയന്ത്രണവും" എന്ന ശീർഷകത്തിൽ വക കൊളളിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി 480 ഫയർമാന്റെയും, 239 ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെയും ട്രെയിനിംഗ് ജൂലൈ 13-ന് പൂർത്തിയാകുന്നതാണ്. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ ആധുനികവൽക്കരിച്ച് എല്ലാവിധ ദുരന്തങ്ങളെയും നേരിടുന്നതിനുള്ള ട്രെയിനിംഗ് സംവിധാനം ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ വർഷത്തെ പദ്ധതിയിനത്തിൽ വകയിരുത്തിയ 11 കോടി രൂപകൊണ്ട് ആധുനിക ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങി ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഫയർ സ്റ്റേഷനുകൾക്ക് സ്വന്തമായ ഓഫീസും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാൻ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | : (ബി) വാടക കെട്ടിടത്തിൽ 17 ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനും സ്വന്തമായി ഓഫീസും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണാധികാരികൾ, |

(മറുപുറം)

വകുപ്പുമേധാവികൾ എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായാൽ ആവശ്യമായ ഫണ്ട് വകയിരുത്തി ഫയർ സ്റ്റേഷന് വേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്താവുന്നതാണ്.

| | | |
|---|---|---|
| (സി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഫയർ സ്റ്റേഷനുകൾ പുതുതായി തുടങ്ങുകയുണ്ടായി ; വിശദമാക്കുമോ ? | : | (സി) കഴക്കൂട്ടം, സീതത്തോട്, കൂത്താട്ടുകുളം എന്നീ മൂന്ന് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഈ സർക്കാരിന്റെ കാലത്ത് പുതുതായി തുടങ്ങി. |

പിണറായി വിജയൻ

**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5037** — **01.07.2013-ൽ മറുപടിക്ക്.**

**കാഞ്ഞങ്ങാട് പുതിയ ഫയർ സ്റ്റേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാഞ്ഞങ്ങാട് പുതിയ ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ ഫയർസ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | : (ബി) കാഞ്ഞങ്ങാട് ഫയർ & റെസ്ക്യൂ സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുള്ള 135 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5038** **01.07.2013-ൽ മറുപടിക്ക്.**

**മങ്കട മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മങ്കട മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ അഗ്നിബാധകൾ ഇടക്കിടെ ഉണ്ടാവുന്ന മങ്കട മണ്ഡലത്തിൽ പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | : (എ) & (ബി)<br><br>പുതിയ ഫയർസ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുമ്പോൾ സാമ്പത്തിക ലഭ്യതയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും അനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5039** **01/07/2013 -ൽ** മറുപടിക്ക്

### പ്രത്യേക വിജിലൻസ് സെൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>" ജോസഫ് വാഴക്കൻ:<br>" കെ. അച്ചുതൻ:<br>" വർക്കല കഹാർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | എ & ബി 11/06/1997-ലെ സ.ഉ.(നം) 34/97/വിജി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും ഒരു വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സെൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിലും സ്ഥാപന ങ്ങളിലും അഴിമതി നിരോധന നിയമത്തിൽപ്പെടാത്തതായ ക്രമക്കേടുകളോ സ്വഭാവ ദൂഷ്യമോ ഉൾപ്പെടുന്ന ആരോപണങ്ങൾ അന്വേഷിക്കേണ്ട ചുമതല അതതു വിജിലൻസ് സെല്ലുകൾക്കാണ്. അപ്രകാരം നടത്തുന്ന അന്വേഷണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടാൽ അവ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കാവുന്നതാണ്. വകുപ്പുതല വിജിലൻസ് സെല്ലുകൾക്ക് വകുപ്പിന്റെ കീഴിൽ ഉള്ള ഓഫീസുകൾ, പ്രോജക്ടുകൾ മുതലായവയിൽ മിന്നൽ പരിശോധന നടത്താനും, അപ്രകാരം നടത്തുന്ന അന്വേഷണങ്ങളിൽ ആരോപണങ്ങൾ വസ്തുതാപരമാണെന്നു കണ്ടാൽ വകുപ്പുതല അച്ചടക്കനടപടികൾക്ക് ശുപാർശ ചെയ്യാനും അധികാരം ഉണ്ട്. |

| | |
|---|---|
| സി) അഴിമതികൾ തടയുന്നതിന് ഇതിന്റെ പ്രവർത്തനം എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദ മാക്കുമോ; | സി) അഴിമതിക്കെതിരായി സംസ്ഥാനത്തെ വിജിലൻസ് സംവിധാനം മെച്ചപ്പെടുത്തുകയും അതു വഴി ജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിന് വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം പ്രയോജനകരമാണ്. |
| ഡി) സെല്ലിന്റെ പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഭരണതലത്തിൽ എടുക്കാ നുദ്ദേശിക്കുന്നത്; വിശദാംശ ങ്ങൾ എന്തെല്ലാം? | ഡി) 11/06/1997 തീയതിയിലെ സ.ഉ.(നം) 34/97/വിജി എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാരുടെ പ്രവർത്തനം സെക്രട്ടറിയേറ്റിലെ വിജിലൻസ് വകുപ്പു മുഖേന ഏകോപിപ്പിക്കുന്നതാണ്. വകുപ്പുതല വിജിലൻസ് ഓഫീസർമാരുടെ യോഗം വർഷം തോറും ബന്ധപ്പെട്ട വിജിലൻസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളിലെ വിജിലൻസ് സംബന്ധമായ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### GOVERNMENT OF KERALA

**Abstract**

VIGILANCE DEPARTMENT—STRENGTHENING OF VIGILANCE SET UP IN GOVERNMENT DEPARTMENTS AND PUBLIC SECTOR UNDERTAKINGS—ORDERS ISSUED

---

VIGILANCE (C) DEPARTMENT

**G. O. (P) No. 34/97/Vig. Dated, Thiruvananthapuram, 11th June, 1997.**

---

*Read*:—(1) G.O. (P) No. 65/92/Vig. dated 12-5-1992.
(2) G.O. (Rt.) No. 104/96/Vig. dated 18-7-1996.
(3) G.O. (P) No. 18/97/Vig. dated 5-4-1997.

ORDER

The Committee constituted by the Government in the G.O. read as second paper above to suggest measures to improve the working of the Vigilance machinery in the state has, among other things made several recommendations for toning up the administrative vigilance set up in the various Departments.

Government have examined the recommendations of the Committee in this regard and are pleased to issue the following orders:

(a) The administrative vigilance set-up in all departments including those of the Secretariat and all Public Sector Undertakings will be known uniformly by the nomenclature 'Vigilance Cell'.

(b) Officers of adequate seniority, preferably number two level in each organisation will be designated as Vigilance Officer to head the Vigilance Cell.

(c) The Vigilance Cell will be provided with supporting staff, wherever necessary, for office work as well as resources for field work.

(d) The Vigilance Officer will be answerable to the Head of Department or Chief Executive only.

(e) Appointment of vigilance officers will be ordered by the Vigilance Department of Secretariat, after obtaining vigilance clearance from the Director, Vigilance and Anti Corruption Bureau (VACB).

(f) Complaints/Petitions relating to departmental irregularities which prima facie do not amount to criminal misconduct as defined in the PC Act 1988, will be entrusted with the Vigilance Cell for enquiry and report. If the enquiry by Vigilance Cell discloses adequate grounds for action by the Vigilance and Anti Corruption Bureau, a request will be made to the Vigilance Department in the Secretariat.

(g) Activities of the Vigilance Officers will be co-ordinated by the Vigilance Department of the Secretariat by prescribing periodical reports and returns, arranging training, conducting review meetings etc.

(h) Training will be given to the Vigilance Officers at regular intervals. This could be done by the I M G according to a well devised training programme. Alternatively, the training could be undertaken by the Director of VACB himself with the faculty drawn from various disciplines.

(i) There should be an annual conference of all Vigilance Officers presided over by Minister in Charge of Vigilance Department. In this conference, all important issues relating to the departmental vigilance will be discussed and appropriate decisions taken.

(j) Government will consider providing some incentive to Vigilance Officers.

It is also ordered that the Subordinate Staff for office [illegible] field work will be found by suitable deployment of the existing [illegible] in each Department/Institution without any additional financial commitment.

By order of the Governor,

M. MOHANKUMAR

*Additional Chief Secretary*

To

The Director, Vigilance and Anti Corruption Bureau,
Thiruvananthapuram.
All Heads of Departments/All Heads of Public Sector Undertakings.
All District Collectors.
The Accountant General, Thiruvananthapuram.
All Departments and Sections in the Secretariat.
General Administration (SC) Department.

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5040

01.07.2013-ലെ മറുപടിക്ക്

### ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ശിക്ഷാകാലാവധി കഴിഞ്ഞ് സെൻട്രൽ ജയിലിൽ കഴിയുന്ന തടവുകാരുടെ ശിക്ഷാകാലാവധി കഴിഞ്ഞിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ; | എ) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ജയിലിൽ കഴിയുന്ന 2 നൈജീരിയൻ പൗരൻമാരായ തടവുകാരുടെ ശിക്ഷാ കാലാവധി 06/03/2013 തീയതിയിലും 20 ബംഗ്ലാദേശ് പൗരന്മാരുടെ ശിക്ഷാ കാലാവധി 12.06.2013 തീയതിയിലും പൂർത്തിയായി. |
| ബി) പ്രസ്തുത തടവുകാർ ചെയ്ത കുറ്റമെന്താണ്, അവരുടെ പേരുവിവരങ്ങൾ, അവരെ ഏത് കോടതിയാണ് ശിക്ഷിച്ചത്, എത്ര വർഷത്തേക്കാണ് ശിക്ഷിച്ചത് എന്നീ കാര്യങ്ങളും വെളിപ്പെടുത്തുമോ? | ബി) | തടവുകാരുടെ വിശദാംശങ്ങളും കുറ്റകൃത്യത്തിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഉത്തരം(ബി) 2 **നൈജീരിയൻ പൗരൻമാർ**

കുറ്റം : സെക്ഷൻ 14 ഫോറിനേഴ്സ് ആക്ട് പ്രകാരമുള്ള കുറ്റകൃത്യം.

പേര്: 1) ജോൺസൺ നാനോനേയി ഉലാൻസോ S/o നാനോനേയി.

2) മൈക്കിൾ ഒബിറോ മൂവസോവ S/o മൂവസോവ

ശിക്ഷിച്ച കോടതി ബഹു: മഞ്ചേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട്

ശിക്ഷ; 6 മാസത്തെ വെറും തടവിനും 2500/- രൂപ പിഴയും പിഴ ഒടുക്കാത്തതിന് ഒരു മാസത്തെ വെറും തടവിനും.

**20 ബംഗ്ലാദേശ് പൗരൻമാർ;**

കുറ്റം : സെക്ഷൻ 14 ഫോറിനേഴ്സ് ആക്ട് 1946

സെക്ഷൻ 4-5 പാസ്പോർട്ട് ആക്ട് 1920

പേര്:
1) മുഹമ്മദ് രൂപൻ S/o ഫക്കീർ മണ്ടൽ
2) മുഹമ്മദ് അട്ടാരുൾ S/o ഇൻസാൻ അലി
3) മുഹമ്മദ് അലാൽ S/o മുഹമ്മദ് അതാർ മാലിന
4) മുഹമ്മദ് ഫിറോസ് അലി S/o ഗാസി മുഹമ്മദ്
5) സറിഫുൾ ഹസൻ S/o ബാബുൾ ഹസ്സൻ
6) മുഹമ്മദ് ലാലൻ ഇസൈൻ S/o മിതുഹാബുൾ ഹസ്സൻ
7) മുഹമ്മദ് സദ്ദാം അലി S/o ഷെർ അലി മണ്ടൻ
8) മുഹമ്മദ് അസം S/o ഷാൻ മുഹമ്മദ്
9) മുഹമ്മദ് മോനൻ S/o റോഫസ് മാലിന
10) മുഹമ്മദ് രൂവ S/o മുഹമ്മദ് ഹാലിം
11) മുഹമ്മദ് ഹമിദുർ S/o മുഹമ്മദ് റസൂർ പ്രാംനിക്
12) മുഹമ്മദ് ബിഷുവ S/o അമീർ മണ്ടൽ
13) മുഹമ്മദ് സുമൻ അലി S/o അബ്ദുള്ള സലിം
14) സൂദ് അനമ്മദ് S/o ഫസുല്ല റഹുമാൻ
15) സദ്ദാം ഹുസൈൻ S/o മുഹമ്മ, നോക്മൽ
16) യാദ് അലി S/o സയിദ് മാലിന
17) മുഹമ്മദ് ഇംത്യാസ് അലി S/o ഒമർ അലി
18) മുഹമ്മദ് സൈഫുൾ S/o മുഹമ്മദ് അഹുബിസ്മാസ്
19) റോബൻ S/o ലോകമാൻ
20) സക്കീർ മണ്ടൽ S/o ഫർജുൾ മണ്ടൽ

ശിക്ഷിച്ച കോടതി ബഹു: ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് II ആലുവ

ശിക്ഷ; 6 മാസത്തെ വെറും തടവ്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5041

01.07.2013-ലെ മറുപടിക്ക്

### തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.പി.വിൻസെന്റ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ജയിൽ വകുപ്പിൽ തടവുകാരുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് അനേകം കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ തടവുകാരുടെ ക്ഷേമം എന്ന വാർഷിക പദ്ധതിയിൽ അനുവദിച്ച തുക കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും പൂർണ്ണമായും ഉപയോഗിച്ച് തടവുകാർക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കിയിട്ടുണ്ട്. |
| ബി) അന്തേവാസികൾക്ക് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾക്കുള്ള മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ശിക്ഷ കഴിഞ്ഞ് പുറത്തേയ്ക്കു പോകുന്ന തടവുകാർക്ക് പുതിയ ജീവിതം തുടങ്ങുന്നതിന് ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ തൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഡയറി ഫാം ആരംഭിക്കുക വഴി തടവുകാർക്ക് കന്നുകാലി വളർത്തലിൽ പരിശീലനവും പന്നി വളർത്തൽ, പൂകൃഷി, കൂൺ കൃഷി, റബ്ബർ നേഴ്സറി, വെർമി കംപോസ്റ്റ്, തേനീച്ച വളർത്തൽ, സോപ്പ് നിർമ്മാണം, ഫിനോയിൽ നിർമ്മാണം, കാർപെന്ററി, കൊല്ലപ്പണി, കെട്ടിട നിർമ്മാണം, സിമന്റ് കട്ട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, പേപ്പർ ബാഗ്, കുട നിർമ്മാണം, ജുവലറി മേക്കിംഗ്, ഗാർമെന്റ് മേക്കിംഗ്, കോഴി വളർത്തൽ, വാണിജ്യാടിസ്ഥാനത്തിൽ |

ചപ്പാത്തി നിർമ്മാണം, ചിക്കൻ കറി, വെജിറ്റബിൾ കറി, ചില്ലി ചിക്കൻ, ചിപ്സ് മേക്കിംഗ്, അച്ചാർ നിർമ്മാണം, ഇഡ്ഡലിയും സാമ്പാറും, ബൺ, കേക്ക് എന്നീ ബേക്കറി സാധനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉണ്ടാക്കി വിൽക്കുന്നതിനും പരിശീലനം നൽകുന്നുണ്ട്.

| | | |
|---|---|---|
| സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | സി) | ഗവൺമെന്റിന്റെ വിവിധ ഏജൻസികളാണ് ജയിൽ വകുപ്പിൽ നവീന പദ്ധതികൾക്ക് സഹായിക്കുന്നത്. ഐ.റ്റി. മിഷൻ, നിർമ്മിതി കേന്ദ്രം, കേരള കാർഷിക കോളേജ്, വിവിധ സന്നദ്ധസംഘടനകൾ എന്നിവ മുഖാന്തിരം തടവുകാർക്ക് തൊഴിലധിഷ്ഠിത ട്രെയിനിംഗ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5042

01.07.2013-ലെ മറുപടിക്ക്

### കോടതികളിലേക്ക് കൊണ്ടുപോകുന്ന പ്രതികളുടെ സുരക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിവിധ കേസുകളിൽ പ്രതികളായി ജയിലിൽ കഴിയുന്നവരെ കോടതികളിൽ ഹാജരാക്കുവാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.; | എ) | പ്രതികളെ കോടതിയിൽ ഹാജരാക്കുന്നതിനായി പോലീസ് എസ്കോർട്ട് ലഭ്യമാക്കുന്നതിന് ഹാജരാക്കൽ ദിവസത്തിന്റെ ഒരു ദിവസം മുമ്പേ കോടതികളുടെ പേരും പ്രതികളുടെ എണ്ണവും അതിൽ കനത്ത ബന്തവസ്സ് വേണ്ട പ്രതികളുടെ വിവരവും ജില്ലാ സായുധ സേനാ മേധാവിക്ക് നൽകുകയും പ്രതികളെ കോടതികളിൽ ഹാജരാക്കുന്ന ദിവസം പോലീസ് എസ്കോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നു. |
| ബി) ഇതിനായി നിയോഗിക്കുന്ന പോലീസുദ്യോഗസ്ഥർ നടപടിക്രമങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ എന്തു നടപടികൾ ഇത്തരക്കാർക്കെതിരെ സ്വീകരിച്ചു; അവർ ആരെല്ലാം; | സി) | വിവരം ശേഖരിച്ചുവരുന്നു. |
| ഡി) ഈ സർക്കാർ വന്നശേഷം പോലീസ് പ്രതികളെ കോടതിയിലെത്തിക്കുമ്പോൾ എത്ര ആക്രമണങ്ങളുണ്ടായി; എവിടെയെല്ലാം; എത്ര പ്രതികൾ രക്ഷപ്പെട്ടു; അവർ ആരെല്ലാം; വ്യക്തമാക്കുമോ; | ഡി) | ആക്രമണങ്ങളുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 13 പേർ രക്ഷപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| ഇ) | ആക്രമണങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചവർ ആരെല്ലാം; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (ഇ) | ആക്രമണമുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| എഫ്) | രക്ഷപ്പെട്ട പ്രതികളിൽ എത്ര പേരെ അറസ്റ്റു ചെയ്തു; അവർ ആരെല്ലാം; എത്ര പേരെ അറസ്റ്റു ചെയ്യുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | 7 പേരെ അറസ്റ്റു ചെയ്തു. 6 പേരെകൂടി അറസ്റ്റു ചെയ്യാനുണ്ട്. അറസ്റ്റു ചെയ്തവരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ലും അറസ്റ്റു ചെയ്യാനുള്ളവരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III-ലും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം | പേര് | ജയിലിന്റെ പേര് | തടവുചാടിയ തീയതി |
|---|---|---|---|
| 1 | സി.നമ്പർ 5847 ഷാജഹാൻ @ മുഹമ്മദ് | തിരുവനന്തപുരം സെൻട്രൽ ജയിൽ | 12-07-2011 |
| 2 | യു.റ്റി.നമ്പർ 7873 രാജേഷ് s/o കാർത്തികേയൻ | കൊട്ടാരക്കര സബ് ജയിൽ | 26-07-2011 |
| 3 | യു.റ്റി.നമ്പർ 234 ലോകേഷ് @ പ്രശാന്ത് @ബാവ s/o ഹരി | തിരുവനന്തപുരം ജില്ലാ ജയിൽ | 28-07-2011 |
| 4 | ആർ.പി നമ്പർ 918 രാജു s/o മുരുകമണി | കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ | 24-10-2011 |
| 5 | യൂ.റ്റി നമ്പർ 166 അഖിൽ @ കണ്ണൻ s/o രാമചന്ദ്രൻപിള്ള | തിരുവനന്തപുരം സെൻട്രൽ ജയിൽ | 21-11-2011 |
| 6 | ആർ.പി നമ്പർ 1369 മുന്ന s/o ജാഫർഅലി | എറണാകുളം ജില്ലാ ജയിൽ | 01-01-2013 |
| 7 | ആർ.പി നമ്പർ 4728 പി.ടി പ്രജീഷ് ബാബു s/o വേലായുധൻ | കണ്ണൂർ സെൻട്രൽ ജയിൽ | 06-03-2013 |
| 8 | ആർ.പി നമ്പർ 7753 ഷിജു s/o അഗസ്റ്റിൻ | വിയ്യൂർ സ്പെഷ്യൽ സബ് ജയിൽ | 14-03-2013 |
| 9 | യു.റ്റി നമ്പർ 4863 സെബാസ്റ്റ്യൻ s/o ജേക്കബ് | ആലപ്പുഴ സ്പെഷ്യൽ സബ് ജയിൽ | 01-04-2013 |
| 10 | യൂ.റ്റി നമ്പർ 2178 ബിനു s/o ശശി | തിരുവനന്തപുരം സെൻട്രൽ ജയിൽ | 20-05-2013 |
| 11 | സി.നമ്പർ 2384 അബ്ദുൾ ലത്തീഫ് @ ചരൾ ലത്തീഫ് | കണ്ണൂർ സെൻട്രൽ ജയിൽ | 27-05-2013 |
| 12 | ആർ.പി നമ്പർ 3440 ഹാരിസ് s/o അബൂബക്കർ | തിരൂർ സബ് ജയിൽ | 05-06-2013 |
| 13 | യൂ.റ്റി നമ്പർ 2367 ഷിബു @ പീലി ഷിബു s/o ശിവാനന്ദൻ | തിരുവനന്തപുരം സെൻട്രൽ ജയിൽ | 11-06-2013 |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| ക്രമ നം | പേര് | ജയിലിന്റെ പേര് | അറസ്റ്റ് ചെയ്തതീയതി |
|---|---|---|---|
| 1 | യു.റ്റി നമ്പർ 7873 രാജേഷ് s/o കാർത്തികേയൻ | കൊട്ടാരക്കര സബ്ജയിൽ | 11-08-2011 |
| 2 | ആർ.പി നമ്പർ 4728 പി.ടി പ്രജീഷ് ബാബു s/o വേലായുധൻ | കൊട്ടാരക്കര സബ് ജയിൽ | 06-03-2013 |
| 3 | ആർ.പി നമ്പർ 7753 ഷിജു s/o അഗസ്റ്റിൻ | വിയ്യൂർ സ്പെഷ്യൽ സബ് ജയിൽ | 20-03-2013 |
| 4 | യു.റ്റി നമ്പർ 4863 സെബാസ്റ്റ്യൻ s/o ജേക്കബ് | ആലപ്പുഴ സ്പെഷ്യൽ സബ് ജയിൽ | 02-04-2013 |
| 5 | സി.നമ്പർ 2384 അബ്ദുൾ ലത്തീഫ് @ ചരൾ ലത്തീഫ് | കണ്ണൂർ സെൻട്രൽ ജയിൽ | 28-05-2013 |
| 6 | ആർ.പി നമ്പർ 3440 ഹാരിസ് s/o അബൂബക്കർ | തിരൂർ സബ് ജയിൽ | 05-06-2013 |
| 7 | യു.റ്റി നമ്പർ 2367 ഷിബു @ പീലി ഷിബു s/o ശിവാനന്ദൻ | തിരുവനന്തപുരം സെൻട്രൽ ജയിൽ | 11-06-2013 |

സെക്ഷൻ ഓഫീസർ

# അനുബന്ധം III

| ക്രമ നം | പേര് | ജയിലിന്റെ പേര് | തടവുചാടിയ തീയതി |
| --- | --- | --- | --- |
| 1 | സി.നമ്പർ 5847 ഷാജഹാൻ @ മുഹമ്മദ് | തിരുവനന്തപുരം സെൻട്രൽ ജയിൽ | 12-07-2011 |
| 2 | യൂ.റ്റി.നമ്പർ 234 ലോകേഷ് @ പ്രശാന്ത് @ബാവ s/o ഹരി | തിരുവനന്തപുരം ജില്ലാ ജയിൽ | 28-07-2011 |
| 3 | ആർ.പി നമ്പർ 918 രാജു s/o മുരുകമണി | കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ. | 24-10-2011 |
| 4 | യൂ.റ്റി നമ്പർ 166 അഖിൽ @ കണ്ണൻ s/o രാമചന്ദ്രൻപിള്ള | തിരുവനന്തപുരം സെൻട്രൽ ജയിൽ | 21-11-2011 |
| 5 | ആർ.പി നമ്പർ 1369 മുന്ന s/o ജാഫർഅലി | എറണാകുളം ജില്ലാ ജയിൽ | 01-01-2013 |
| 6 | യൂ.റ്റി നമ്പർ 2178 ബിനു s/o ശശി | തിരുവനന്തപുരം സെൻട്രൽ ജയിൽ | 20-05-2013 |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5043

01.07.2013-ലെ മറുപടിക്ക്

### കോടതികളിൽ ഹാജരാക്കുവാൻ കൊണ്ടുപോകുന്ന പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജയിലുകളിൽ നിന്നും കോടതികളിൽ ഹാജരാക്കുവാൻ കൊണ്ടുപോകുന്ന പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യമുണ്ടോ; | എ) | ജയിലുകളിൽനിന്നും കോടതികളിൽ ഹാജരാക്കുവാൻ കൊണ്ടുപോകുന്ന പ്രതികൾ രക്ഷപ്പെട്ടതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര പ്രതികൾ രക്ഷപ്പെട്ടിട്ടുണ്ട്; | ബി) | 13 പ്രതികൾ രക്ഷപ്പെട്ടിട്ടുണ്ട്. |
| സി) ഇത് തടയുന്നതിന് കർക്കശ നടപടികൾ സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5044

01.07.2013-ലെ മറുപടിക്ക്

### ജയിൽ സുരക്ഷയ്ക്ക് സ്ഥിരം ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്തെ ജയിലുകളിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) 2083 |
| ബി) ഓരോ ജയിലിലേക്കും നിയമനം നൽകിയ ജീവനക്കാരുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ; | ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) കൊടുംകുറ്റവാളികൾ കിടക്കുന്ന സെല്ലിൽ സുരക്ഷയ്ക്ക് താൽക്കാലിക ജീവനക്കാരെ മാത്രമാണോ നിയമിക്കുന്നത്; എങ്കിൽ കാരണം വ്യക്തമാക്കാമോ; | സി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ താല്ക്കാലിക ജീവനക്കാരെയും ചുമതലപ്പെടുത്തുന്നു. |
| ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും റിപ്പർ ജയാനന്ദനും കൂട്ടാളിയും ജയിൽ ചാടാൻ കാരണം താല്ക്കാലിക ജീവനക്കാരാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | ഡി) ഇല്ല |
| ഇ) ഇവരെ പിരിച്ചുവിട്ട ശേഷം വീണ്ടും താല്ക്കാലിക ജീവനക്കാരെ നിയമിച്ചതായുള്ള വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ? | ഇ) പുതുതായി 59 വാർഡർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിയമനം നൽകിയവരുടെ എണ്ണം |
|---|---|---|
| 1 | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 1873 |
| 2 | സെൻട്രൽ ജയിൽ, വിയ്യൂർ | 38 |
| 3 | സബ് ജയിൽ, വിയ്യൂർ | 14 |
| 4 | സബ് ജയിൽ, ചാവക്കാട് | 8 |
| 5 | സബ് ജയിൽ, ഇരിങ്ങാലക്കുട | 1 |
| 6 | സബ് ജയിൽ, ആലുവ | 1 |
| 7 | സബ് ജയിൽ, മട്ടാഞ്ചേരി | 2 |
| 8 | സബ് ജയിൽ, മുവാറ്റുപുഴ | 2 |
| 9 | സബ് ജയിൽ, പൊൻകുന്നം | 2 |
| 10 | ജില്ലാ ജയിൽ, വിയ്യൂർ | 5 |
| 11 | സെൻട്രൽ ജയിൽ, കണ്ണൂർ | 55 |
| 12 | തുറന്ന ജയിൽ, ചീമേനി | 12 |
| 13 | ജില്ലാ ജയിൽ, കോഴിക്കോട് | 5 |
| 14 | സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ | 5 |
| 15 | സ്പെഷ്യൽ സബ് ജയിൽ, തലശ്ശേരി | 2 |
| 16 | സ്പെഷ്യൽ സബ് ജയിൽ, പാലക്കാട് | 3 |
| 17 | സബ് ജയിൽ, കാസർഗോഡ് | 9 |
| 18 | സബ് ജയിൽ, ഹോസ്ദുർഗ്ഗ് | 9 |
| 19 | സബ് ജയിൽ, കണ്ണൂർ | 7 |
| 20 | സബ് ജയിൽ, മാനന്തവാടി | 5 |
| 21 | സബ് ജയിൽ, വൈത്തിരി | 2 |
| 22 | സബ് ജയിൽ, മഞ്ചേരി | 6 |
| 23 | സബ് ജയിൽ, പെരിന്തൽമണ്ണ | 1 |
| 24 | സബ് ജയിൽ, തിരൂർ | 6 |
| 25 | സബ് ജയിൽ, പൊന്നാനി | 4 |
| 26 | സബ് ജയിൽ, ചിറ്റൂർ | 4 |
| 27 | സബ് ജയിൽ, ഒറ്റപ്പാലം | 1 |
| 28 | സബ് ജയിൽ, ആലത്തൂർ | 1 |
| | **ആകെ** | **2083** |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5045

01.07.2013-ലെ മറുപടിക്ക്

### ജയിലുകളിൽ സുരക്ഷാ ജീവനക്കാരുടെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജയിലുകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) | ജയിൽ വകുപ്പിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തു വരുന്നുണ്ട്. |
| ബി) ജയിലുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കി സ്ഥിരം ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | ബി) | ജയിൽ വകുപ്പിൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽപ്പെടുന്ന വാർഡർ തസ്തികയിലാണ് താത്ക്കാലിക ജീവനക്കാരെ കൂടുതലായി നിയമിച്ചിട്ടുള്ളത് വാർഡർ തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലാണ് എംപ്ലോയ്മെന്റ് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും താത്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. പി.എസ്.സി. നിയമന ശുപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് താത്ക്കാലിക ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5046

01.07.2013-ലെ മറുപടിക്ക്

### ജയിൽ ചാടിയ തടവുകാരുടെ എണ്ണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം വിചാരണയ്ക്ക് കൊണ്ടുപോകംവഴി പോലീസിനെ വെട്ടിച്ച് കടന്നുകളഞ്ഞ തടവുകാർ എത്ര; | എ) | 13 തടവുകാർ |
| ബി) ഈ കാലയളവിൽ പരോളിലിറങ്ങി കാലാവധി കഴിഞ്ഞിട്ടും തിരികെയെത്താത്തവർ എത്ര; വ്യക്തമാക്കാമോ? | ബി) | രണ്ട് - നെട്ടുകാൽത്തേരി തുറന്ന ജയിലിലെ സി.നം.2600, ദേവരാജൻ, ചീമേനി തുറന്ന ജയിലിലെ സി.നം. 37, ഹരീന്ദ്രൻ എന്നീ രണ്ടു തടവുകാർ. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5047

01.07.2013-ലെ മറുപടിക്ക്

## ജയിൽ ചാടിയ തടവുപുള്ളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റ ശേഷം ജയിൽ ചാടിയ തടവുപുള്ളികളെ പിടികൂടിയശേഷം വീണ്ടും തടവുചാടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും 29.06.2005-ൽ സി.നം. 2384 അബ്ദുൾ ലത്തീഫ് @ ചരൽ ലത്തീഫ് പോലീസുകാരുടെ പക്കൽനിന്നും രക്ഷപ്പെടുകയും 21.06.2012-ൽ തിരികെ പിടിക്കുകയും വീണ്ടും 27.05.2013-ൽ ടിയാനെ കോടതിയിൽ ഹാജരാക്കി തിരികെ വരുമ്പോൾ പോലീസുകാരുടെ പക്കൽനിന്നും രക്ഷപ്പെടുകയും 28.05.2013-ൽ തിരികെ പിടിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഒൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
<u>ചോദ്യം നമ്പർ : 5048</u>

01.07.2013-ലെ മറുപടിക്ക്

<u>ജയിൽ ജീവനക്കാരുടെ സസ്പെൻഷൻ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തടവുകാരുടെ ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് എത്ര ജയിൽ ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; കാറ്റഗറിയും ജയിലും തിരിച്ചുള്ള കണക്ക് നൽകുമോ; | എ) 22 ജയിൽ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കാറ്റഗറിയും ജയിലും തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇതിൽ എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) 11 പേർ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | തസ്തിക | എണ്ണം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | ഡെപ്യൂട്ടി ജയിലർ | 1 | തിരുവനന്തപുരം സെൻട്രൽ ജയിൽ - 1 |
| 2 | അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 | 1 | തിരുവനന്തപുരം സെൻട്രൽ ജയിൽ - 1 |
| 3 | ഹെഡ് വാർഡർ | 8 | തിരുവനന്തപുരം സെൻട്രൽ ജയിൽ - 4<br>തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ - 1<br>സബ് ജയിൽ, കാസർഗോഡ്-2<br>ജില്ലാ ജയിൽ, എറണാകുളം - 1 |
| 4 | ചീഫ് വാർഡർ | 1 | തിരുവനന്തപുരം സെൻട്രൽ ജയിൽ - 1 |
| 5 | വാർഡർ | 11 | സബ് ജയിൽ, കാസർഗോഡ്-2<br>സബ് ജയിൽ, കണ്ണൂർ - 1<br>സബ് ജയിൽ, പൊൻകുന്നം - 1<br>ജില്ലാ ജയിൽ, തിരുവനന്തപുരം - 1<br>തിരുവനന്തപുരം സെൻട്രൽ ജയിൽ - 6 |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5049 — **1.7.2013-ൽ മറുപടിക്ക്**

## മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട് ; | (എ) ഈ മന്ത്രിസഭയിലെ രണ്ടു മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്. (അന്വേഷണ ഘട്ടത്തിലുള്ള കേസുകൾ മാത്രമാണ് പരിഗണിച്ചിരിക്കുന്നത് ) |
| (ബി) പ്രസ്തുത കേസുകൾ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണെന്നും അതിൽ ഓരോ കേസും ഏതു വിഷയം സംബന്ധിച്ചുള്ളതാണെന്നും, ഓരോ കേസും രജിസ്റ്റർ ചെയ്യപ്പെട്ടത് എന്നാണെന്നും ഓരോ കേസിന്റെയും ഇപ്പോഴത്തെ അന്വേഷണ പുരോഗതി എന്താണെന്നും വിശദമാക്കുമോ ? | (ബി) ശ്രീ.പി.ജെ.ജോസഫ്, ശ്രീ.സി.എൻ. ബാലകൃഷ്ണൻ എന്നിവർക്കെതിരെയാണ് നിലവിൽ വിജിലൻസ് കേസുകൾ ഉള്ളത്.<br><br>(1) ശ്രീ.പി.ജെ.ജോസഫ്<br>(a) കേസ് നമ്പർ - വി.സി.06/2012/ഇ.ആർ.കെ.<br>കേസ് രജിസ്റ്റർ ചെയ്യപ്പെട്ട തീയതി -06.10.2012<br><br>വിഷയം - ഇടുക്കി ജില്ലയിലെ നാടുകാണിയിൽ സ്ഥിതി ചെയ്യുന്ന ഗാന്ധി സ്റ്റഡി സെന്ററിനോടു ചേർന്നു കിടക്കുന്ന വനഭൂമി അനധികൃതമായി കൈയ്യേറിയതു സംബന്ധിച്ച്.<br>അന്വേഷണഘട്ടത്തിലിരിക്കുന്ന പ്രസ്തുത കേസ് കോടതി സ്റ്റേ ചെയ്തു.<br><br>(b) കേസ് നമ്പർ - വി.സി.07/2013/റ്റി.എസ്.ആർ.<br>കേസ് രജിസ്റ്റർ ചെയ്യപ്പെട്ട തീയതി -15.5.2013<br><br>വിഷയം - ശ്രീ.പി.ജെ.ജോസഫ് ജലവിഭവ വകുപ്പ് മന്ത്രിയെന്നുള്ള തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത്, നിയമങ്ങൾ മറികടന്ന് പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും അതിനെ എതിർത്ത ചാലക്കുടി |

ജലവിഭവ വകുപ്പ് ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെന്റ് ചെയ്യാൻ ഉത്തരവിടുകയും ചെയ്തു എന്നതാണ് കേസ്.
കേസന്വേഷണം പ്രാഥമികഘട്ടത്തിലാണ്.

(c) കേസ് നമ്പർ -
വി.സി.05/2012/ഇ.ആർ.കെ.
കേസ് രജിസ്റ്റർ ചെയ്യപ്പെട്ട തീയതി
-06.10.2012

വിഷയം -റവന്യൂ വകുപ്പ് മന്ത്രിയായിരിക്കെ ശ്രീ.പി.ജെ.ജോസഫ് ഇടുക്കിയിലെ ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റിയുടെ അനധികൃത കൈയ്യേറ്റങ്ങൾക്ക് കൂട്ടുനിന്ന തായി ആരോപണം.
അന്വേഷണഘട്ടത്തിലിരിക്കുന്ന പ്രസ്തുത കേസ് കോടതി സ്റ്റേ ചെയ്തു.

(2) ശ്രീ.സി.എൻ.ബാലകൃഷ്ണൻ

കേസ് നമ്പർ - വി.സി.07/2010/റ്റി.എസ്.ആർ
കേസ് രജിസ്റ്റർ ചെയ്യപ്പെട്ട തീയതി
-06.04.2010

വിഷയം -2001 - 2002, 2006-2007കാലഘട്ടങ്ങളിൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ മുടക്കം വന്ന വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്തിയതിൽ സഹകരണ നിയമങ്ങളും, ചട്ടങ്ങളും പാലിക്കാതെയും, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിലെ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചും പ്രവർത്തിച്ച് അനർഹരായ വ്യക്തികൾക്ക് സാമ്പത്തിക ലാഭവും, ബാങ്കിന് സാമ്പത്തിക നഷ്ടവും വരുത്തിയതായ ആരോപണങ്ങൾ സംബന്ധിച്ച് ബാങ്ക് പ്രസിഡന്റായിരുന്ന ശ്രീ.സി.എൻ.ബാലകൃഷ്ണനും മറ്റ് ബോർഡംഗങ്ങൾക്കുമെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു.
കേസന്വേഷണം പുരോഗമിക്കുന്നു.

Manjuk

സെക്ഷൻ ആഫീസർ

4/15

## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5050

01.07.2013-ലെ മറുപടിക്ക്

### പൂജപ്പുര ജയിൽ വളപ്പിലെ മരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) പൂജപ്പുര ജയിലിൽ നിന്ന് കഴിഞ്ഞ വർഷം എത്ര മരങ്ങൾ മുറിക്കാൻ അനുമതി നിഷേധിച്ചിട്ടുണ്ട്; അനുമതി നിഷേധിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | എ) അനുമതി നിഷേധിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും ലഭിച്ചതായി കാണുന്നില്ല. |
| ബി) പൂജപ്പുര ജയിലിൽ ആടുകൾക്ക് തീറ്റയായി നൽകിയതിനാൽ 35 പ്ലാവുകൾ ഉണങ്ങിപ്പോയതിന്റെ അടിസ്ഥാനത്തിൽ ഇതാവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | ബി) ആടിനു നൽകാനായി ശിഖരങ്ങളോടു കൂടി ഇല മുറിക്കരുതെന്ന് കർശനമായ നിർദ്ദേശം നൽകി പാലിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
**ചോദ്യം നമ്പർ : 5051**

01.07.2013-ലെ മറുപടിക്ക്

## പൂജപ്പുര സെൻട്രൽ ജയിലിലെ ജയിൽ ചാട്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എളമരം കരീം<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് കൊടുംകുറ്റവാളി റിപ്പർ ജയാനന്ദനും കൂട്ടാളി പ്രകാശനും ചാടാനിടയായത് സംബന്ധിച്ച് അന്വേഷണം ഏത് ഘട്ടത്തിലാണ്; | എ) പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു. |
| ബി) ഇത്തരം സംഭവങ്ങളുണ്ടാകുന്നത് സംരക്ഷണ ചുമതലയുള്ള ആരുടെയെല്ലാം എന്തെല്ലാം നിലയിലുള്ള സുരക്ഷാ വീഴ്ചകൾ മൂലമായിരുന്നെന്ന് വെളിപ്പെടുത്താമോ; | ബി) തടവുകാർ രക്ഷപ്പെട്ട രാത്രിയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മൂന്ന് ഹെഡ് വാർഡർമാരുടെയും തടവുകാരെ പാർപ്പിച്ചിരുന്ന ബ്ലോക്കിന്റെ ചുമതല ഉണ്ടായിരുന്ന വാർഡർമാരുടെയും ജാഗ്രതക്കുറവുമാണ് തടവുചാട്ടത്തിന് കാരണമായത്. |

സി) ജയിൽ ചാടുന്ന ദൃശ്യങ്ങൾ നിരീക്ഷണ ക്യാമറയിൽ റെക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു; ജയിൽ ചാടാൻ ഉപയോഗിക്കാവുന്ന എന്തെങ്കിലും വസ്തുക്കൾ ജയിൽ ചാട്ടതതിന് ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജയിൽചട്ടത്തിന് വിരുദ്ധമായി വസ്തുക്കൾ ലഭ്യമായത് എങ്ങനെയെന്ന് അന്വേഷിച്ചിട്ടുണ്ടോ;

സി) ദൃശ്യങ്ങൾ നിരീക്ഷണ ക്യാമറയിൽ റെക്കോർഡ് ചെയ്യപ്പെട്ടിട്ടില്ല. സി.സി.ടി.വി. കൺട്രോൾ റൂമിലെ സർവ്വറുകൾ തകരാറിലായിരുന്നതിനാൽ റെക്കോർഡിംഗ് സംവിധാനം പ്രവർത്തിച്ചിരുന്നില്ല. മറ്റ് വിഷയങ്ങൾ അന്വേഷണ പരിധിയിലാണ്.

ഡി) പൂജപ്പുര ജയിലിൽ ദിവസവേതനത്തിനും മറ്റ് നിലയിലും താൽക്കാലികമായി നിയോഗിക്കപ്പെട്ടിട്ടുള്ളവരെത്ര; സ്ഥിരം തസ്തികയിലുള്ള എത്ര പേർ 2013 ജനുവരിക്ക് ശേഷം സ്ഥലം മാറ്റപ്പെടുകയുണ്ടായി; ഇതിനെതിരെ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നുവോ?

ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 75 താല്ക്കാലിക വാർഡർമാർ ജോലി നോക്കുന്നു. സ്ഥിരം തസ്തികയിലുള്ളവരിൽ 19 ഹെഡ് വാർഡർമാരെയും 30 വാർഡർമാരെയും 2013 ജനുവരിക്ക് ശേഷം സ്ഥലംമാറ്റം നൽകുകയുണ്ടായി. ടി സ്ഥലം മാറ്റത്തിനെതിരായ ആക്ഷേപങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5052

01.07.2013-ലെ മറുപടിക്ക്

## ജയിലുകളിൽ ചപ്പാത്തി, കോഴിക്കറി, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിലാണ് ചപ്പാത്തി, കോഴിക്കറി, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ വാണിജ്യ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നത്; | (എ) | സെൻട്രൽ ജയിൽ തിരുവനന്തപുരം, സെൻട്രൽ ജയിൽ കണ്ണൂർ, സെൻട്രൽ ജയിൽ വിയ്യൂർ, തുറന്ന ജയിൽ നെട്ടുകാൽത്തേരി, തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ കൊല്ലം എന്നിവിടങ്ങളിൽ ചപ്പാത്തിയും കോഴിക്കറിയും, സെൻട്രൽ ജയിൽ വിയ്യൂരിൽ ബേക്കറി ഉൽപ്പന്നങ്ങളും വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നു. |
| ബി) പ്രസ്തുത ജയിലുകളിൽ ഇവയുടെ വിപണനത്തിന്റെ പ്രതിമാസ വിറ്റുവരവ് എത്രയാണ്; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) വിപണനം വഴിയുണ്ടാക്കുന്ന ലാഭ വിഹിതം എന്ത് ആവശ്യങ്ങൾക്കെല്ലാമാണ് വിനിയോഗിച്ചു വരുന്നത്; | (സി) | വിപണനം വഴിയുണ്ടാകുന്ന ലാഭവിഹിതം 0056-102-99-Sale of Jail manufactories എന്ന ശീർഷകത്തിൽ ഒടുക്കി വരുന്നു. ലാഭത്തിൽ നിന്നും ബേക്കറി മെഷീൻ, ജസ്റ്റലി മെഷീൻ, ചപ്പാത്തി യൂണിറ്റിന്റെ വികസനത്തിനും പാത്രങ്ങൾ വാങ്ങുന്നതിനും ഷെഡിന്റെ റിപ്പയറിനും, ഗ്യാസ് അടുപ്പ് സ്ഥാപിക്കുന്നതിനും തടവുകാർക്ക് ട്രെയിനിംഗ് നൽകുന്നതിന് ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വികസനത്തിനും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ജയിൽ വകുപ്പദ്ധ്യക്ഷന്റെ ഔദ്യോഗിക ഉപയോഗത്തിന് ഒരു വാഹനവും വാങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ചപ്പാത്തി, കോഴിക്കറി, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നത് എവിടെ നിന്നാണ്; ഏതെല്ലാം മാനദണ്ഡങ്ങൾ പാലിച്ചാണ് അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നത്; | (ഡി) | ജയിലിൽ ചപ്പാത്തി നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ സപ്ലൈകോ, സൂപ്പർ മാർക്കറ്റ്, ഹോർട്ടി കോർപ്പ് VEFCOS എന്ന സൊസൈറ്റികളിലും, പർച്ചേയ്സ് റൂൾ പ്രകാരം ക്വട്ടേഷൻ, ടെണ്ടർ വ്യവസ്ഥകളിലുമാണ് ഇറച്ചി, എണ്ണ, ആട്ട, മുട്ട, പാക്കിംഗ് കവർ എന്നിവ വാങ്ങുന്നത്. |
| ഇ) | ചപ്പാത്തി വിൽപ്പനയിൽ ജയിലുകളിൽ സാമ്പത്തിക ക്രമക്കേട് നടക്കുന്നതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയി ട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഇ) | ഇപ്പോൾ ജയിൽ ഓഡിറ്റ് വിഭാഗം ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അക്കൗണ്ട് 4 നിലകളിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

I)Central Prison, Thiruvananthapuram (in Rupees)

| | |
|---|---|
| Dec | 3,20,08,155 |
| Jan | 79,19,641 |
| Feb | 77,95,350 |
| Mar | 92,08,119 |
| April | 84,00,615 |
| May | 97,39,393 |
| | 7,50,71,273 |

II) Central Prison, Kannur (in Rupees)

| | |
|---|---|
| Nov | 16,45,261 |
| Dec | 43,09,618 |
| Jan | 33,20,954 |
| Feb | 29,22,130 |
| Mar | 33,92,061 |
| April | 32,88,480 |
| May | 35,30,623 |
| | 2,24,09,127 |

III) Central Prison, Viyyur (in Rupees)

| | |
|---|---|
| April | 5,73,350 |
| May | 6,91,500 |
| June | 5,96,000 |
| July | 8,42,650 |
| Aug | 10,37,580 |
| Sep | 12,68,240 |
| Oct | 12,61,070 |
| Nov | 13,54,880 |
| Dec | 15,44,360 |
| Jan | 16,47,880 |
| Feb | 13,74,550 |
| Mar | 14,13,940 |
| April | 8,30,000 |
| May | 10,10,000 |
| | 1,54,46,000 |

IV) Open Prison, Nettukaltheri (in Rupees)

| | |
|---|---|
| April | 17,93,210 |
| May | 21,31,030 |
| | ------------- |
| | 39,24,240 |

V.) Open Prison, Cheemeni (in Rupees)

11,14,090 രൂപയുടെ വിറ്റുവരവ് നടത്തിയിട്ടുണ്ട്.

VI ) District Jail, Kollam ( in Rupees)

| | |
|---|---|
| Jan | 13,07,880 |
| Feb | 23,23,990 |
| March | 25,57,980 |
| April | 23,52,980 |
| May | 21,01,780 |
| | ------------- |
| | 1,06,44,610 |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5053 — 01.07.2013-ലെ മറുപടിക്ക്

### ജയിലുകളിലെ പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജയിലുകളിൽ എന്തെല്ലാം പ്ലാസ്റ്റിക് റീസൈക്ലിംഗ് നിർമ്മാണ പ്രക്രിയകളാണ് ആരംഭിച്ചിട്ടുള്ളത്; | എ) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാസ്റ്റിക് കട്ട (പ്ലാസ്റ്റോൺ) നിർമ്മാണ യൂണിറ്റും പ്ലാസ്റ്റിക് വിറക് (ബ്രിക്വറ്റിംഗ്) നിർമ്മാണ യൂണിറ്റും തുടങ്ങുന്നതിന് ജയിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) പരിസ്ഥിതിക്ക് യോജിച്ച രീതിയിൽ പ്രസ്തുത നിർമ്മാണ റീസൈക്ലിംഗ് പ്രക്രിയയും ഉപയോഗവും നടത്താൻ കഴിയുമെന്നതിന് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | ബി) | പ്ലാസ്റ്റിക് വിറക് നിർമ്മാണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ബയോടെക്കിൽ നിന്നും ജയിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. |
| സി) എങ്കിൽ വിശദാംശങ്ങളും പഠന റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ; | സി) | റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഇതിനായി എന്തു തുക ചെലവു പ്രതീക്ഷിക്കുന്നു.; എന്തു തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ; | ഡി) | പ്ലാസ്റ്റോൺ നിർമ്മാണ യൂണിറ്റിനായി 50 ലക്ഷം രൂപയുടെയും പ്ലാസ്റ്റിക് വിറക് നിർമ്മാണ യൂണിറ്റിനായി 20 ലക്ഷം രൂപയുടെയും പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| ഇ) ഇത് മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;<br><br>എഫ്) ഇതുമൂലം സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പുമായി ചേർന്ന് എന്തെങ്കിലും പഠനമോ ആശയ വിനിമയമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) യും (എഫ്) ഉം | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

15570/51/13/LC5

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5054 01/07/2013-ൽ മറുപടിക്ക്

പട്ടികവർഗ്ഗ കോളനികൾ വികസിപ്പിക്കുന്ന പദ്ധതി

ചോദ്യം മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ : കുമാരി.പി.കെ.ജയലക്ഷ്മി
[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി]

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഒരു കോടി രൂപ ചെലവഴിച്ച്, തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികൾ വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തിരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ കോളനികളിൽ ഓരോ കോളനിയും 1 കോടി രൂപ ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി 2013-14 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | എങ്കിൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റ്, നടപ്പാത, കമ്മ്യൂണിറ്റി സെന്റർ, അംഗനവാടിയ്ക്ക് കെട്ടിടം, ലിങ്ക് റോഡ് എന്നിവയ്ക്കായി പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി. ഇപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി 2013-14 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ആയത് സംബന്ധിച്ച ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | | ആയത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5056      01/07/2013-ൽ മറുപടിക്ക്

## 2013-14 അധ്യയന വർഷം പഠനം മുടങ്ങിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

ചോദ്യം      മറുപടി

ശ്രീമതി.കെ.എസ്.സലീഖ    :    കുമാരി.പി.കെ.ജയലക്ഷ്മി

[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും

കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സാമ്പത്തിക പരാധീനതമൂലവും യാത്ര സൗകര്യമില്ലായ്മയെത്തുടർന്നും 2013-14 അധ്യയന വർഷം പ്രൈമറിതലത്തിലും സെക്കണ്ടറി തലത്തിലും എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം തുടങ്ങാൻ കഴിയാതെ വന്നു; വ്യക്തമാക്കുമോ; | (എ) | സാമ്പത്തിക പരാധീനതയും, യാത്രാസൗകര്യമില്ലാതെയും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെയും (2013-14-ൽ) പഠനം മുടങ്ങിയതായി റിപ്പോർട്ടുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. യാത്രാസൗകര്യാർത്ഥം 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്കൂൾ പഠനത്തിന് വാഹനമേർപ്പെടുത്തി ക്കൊടുക്കുന്ന ഗോത്ര സാരഥി പദ്ധതി നടപ്പ് അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പട്ടിക വർഗ്ഗ മേഖലയിൽ കില ഏറ്റവുമൊടുവിൽ നടത്തിയ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ? | (ബി) | റിപ്പോർട്ടിന്റെ കോപ്പി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## പട്ടിക 32 : പഠനം ഉപേക്ഷിച്ചവർ പട്ടികവർഗ വിഭാഗാടിസ്ഥാനത്തിൽ

| ക്രമ നമ്പർ | പട്ടികവർഗ വിഭാഗം | പഠനം ഉപേക്ഷിച്ചവർ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രൈമറി | സെക്കന്ററി | ഹയർ സെക്കന്ററി | ബിരുദം | ബിരുദാനന്തര ബിരുദം | സർട്ടിഫിക്കറ്റ് കോഴ്സ് | ഡിപ്ലോമ കോഴ്സ് | എഞ്ചിനീയറിംഗ് ബിരുദം | അലോപ്പതി ബിരുദം | ആയുർവേദ ബിരുദം | ഹോമിയോ ബിരുദം | മറ്റ് കോഴ്സുകൾ | ആകെ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | അടിയാൻ | 648 | 369 | 35 | 6 | 0 | 70 | 106 | 0 | 0 | 0 | 0 | 35 | 1269 |
| 2 | അരണാടൻ | 10 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14 |
| 3 | ഇരവാലൻ | 51 | 96 | 3 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 154 |
| 4 | ഹിൽപുലയ | 200 | 99 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 312 |
| 5 | ഇരുളർ | 656 | 752 | 86 | 50 | 0 | 11 | 0 | 0 | 0 | 0 | 0 | 109 | 1664 |
| 6 | കാടർ | 64 | 74 | 0 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 5 | 145 |
| 7 | വയനാട് കാടർ | 4 | 33 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 41 |
| 8 | കാണിക്കാരൻ | 99 | 438 | 54 | 28 | 4 | 11 | 11 | 12 | 0 | 0 | 0 | 59 | 716 |
| 9 | കാട്ടുനായ്ക്കൻ | 1308 | 569 | 73 | 4 | 0 | 29 | 44 | 0 | 0 | 0 | 0 | 11 | 2038 |
| 10 | കൊറഗ | 19 | 50 | 10 | 5 | 9 | 15 | 28 | 0 | 0 | 0 | 0 | 1 | 137 |
| 11 | കുടിയ/മേലക്കുടി | 13 | 45 | 5 | 2 | 1 | 5 | 4 | 0 | 0 | 0 | 0 | 13 | 88 |
| 12 | കുറിച്ച്യൻ | 873 | 1670 | 169 | 27 | 1 | 42 | 163 | 0 | 0 | 0 | 0 | 172 | 3117 |
| 13 | കുറുമർ | 39 | 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 61 |
| 14 | കുറുമ്പർ | 38 | 32 | 2 | 3 | 0 | 2 | 0 | 0 | 0 | 0 | 0 | 11 | 88 |
| 15 | മഹാമലസർ | 7 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 11 |
| 16 | മലഅരയൻ | 96 | 162 | 38 | 6 | 4 | 10 | 7 | 7 | 0 | 0 | 0 | 37 | 367 |
| 17 | മലൈ പാരം | 44 | 39 | 10 | 1 | 1 | 2 | 0 | 0 | 0 | 0 | 0 | 0 | 97 |
| 18 | മലവേടൻ | 67 | 168 | 24 | 1 | 1 | 2 | 0 | 0 | 0 | 0 | 0 | 2 | 265 |
| 19 | മലസർ | 80 | 93 | 5 | 6 | 0 | 1 | 0 | 0 | 0 | 0 | 0 | 4 | 189 |
| 20 | മലയൻ | 146 | 235 | 9 | 2 | 0 | 1 | 0 | 0 | 0 | 0 | 0 | 32 | 425 |
| 21 | മലയരയർ | 5 | 24 | 5 | 1 | 1 | 1 | 0 | 1 | 0 | 0 | 0 | 1 | 39 |
| 22 | മന്നാൻ | 277 | 416 | 41 | 3 | 0 | 0 | 1 | 0 | 0 | 0 | 0 | 2 | 740 |
| 23 | മുതുവാൻ | 1007 | 414 | 60 | 11 | 5 | 6 | 10 | 4 | 0 | 0 | 0 | 2 | 1519 |

### പട്ടിക 32 തുടർച്ച

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 24 | മുഡുഗർ | 133 | 168 | 7 | 10 | 0 | 2 | 0 | 0 | 0 | 0 | 0 | 20 | 340 |
| 25 | പളിയൻ | 32 | 80 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 116 |
| 26 | പണിയൻ | 6798 | 2507 | 225 | 52 | 5 | 307 | 368 | 0 | 0 | 0 | 0 | 37 | 10299 |
| 27 | ഉള്ളാടൻ | 249 | 524 | 80 | 11 | 1 | 14 | 4 | 3 | 0 | 0 | 0 | 24 | 910 |
| 28 | ഊരാളി | 85 | 190 | 30 | 5 | 5 | 16 | 7 | 17 | 0 | 0 | 0 | 24 | 379 |
| 29 | മലവേട്ടുവൻ | 506 | 784 | 122 | 133 | 95 | 155 | 223 | 0 | 0 | 0 | 0 | 69 | 2087 |
| 30 | തച്ചനാടൻ മൂപ്പൻ | 38 | 84 | 3 | 1 | 0 | 1 | 3 | 0 | 0 | 0 | 0 | 2 | 132 |
| 31 | ചോലനായിക്കൻ | 10 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 26 |
| 32 | മാവിലൻ | 541 | 1487 | 94 | 74 | 60 | 95 | 177 | 0 | 0 | 0 | 0 | 200 | 2728 |
| 33 | കരിംപാലൻ | 648 | 277 | 55 | 16 | 0 | 2 | 1 | 0 | 0 | 0 | 0 | 1 | 1000 |
| 34 | വെട്ടകുറുമൻ | 304 | 255 | 24 | 4 | 0 | 18 | 34 | 0 | 0 | 0 | 0 | 13 | 652 |
| 35 | മലപണിക്കർ | 13 | 56 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 69 |
| 36 | കുറുമർ/മുള്ളകുറു | 235 | 580 | 174 | 24 | 0 | 4 | 2 | 0 | 0 | 0 | 0 | 27 | 1046 |
| 37 | പട്ടികജാതി | 9 | 12 | 7 | 0 | 0 | 2 | 1 | 0 | 0 | 0 | 0 | 4 | 35 |
| 38 | മററുള്ളവർ | 12 | 47 | 7 | 2 | 1 | 1 | 2 | 0 | 0 | 0 | 0 | 0 | 72 |
| | **ആകെ** | **15364** | **12874** | **1475** | **492** | **194** | **825** | **1196** | **44** | **0** | **0** | **0** | **923** | **33387** |

## പട്ടിക 33 : പഠനം ഉപേക്ഷിച്ചതിന്റെ കാരണങ്ങളും പഠനം നിർത്തിയ ക്ലാസും

| ക്രമ നമ്പർ | പഠനം ഉപേക്ഷിച്ച ക്ലാസ് | പഠനം ഉപേക്ഷിച്ചവർ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കുടുംബത്തിലെ ദാരിദ്ര്യവും സാമ്പത്തിക പരാധീനതയും | തോൽവി | സ്ഥാപനം ഊരിൽ നിന്ന് വളരെ അകലെ | സ്ഥാപനത്തിലേക്ക് ദുർഘടമായ യാത്ര | വീട്ടിലെ പ്രതികൂല സാഹചര്യങ്ങൾ | അന്യതാ ബോധം | വിവാഹം | ഗോത്രാചാരം | മറ്റു കാരണങ്ങൾ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | പ്രൈമറി | 5357 | 3882 | 868 | 235 | 2400 | 869 | 356 | 109 | 1198 |
| 2 | സെക്കന്ററി | 4325 | 4836 | 483 | 117 | 1679 | 400 | 502 | 17 | 715 |
| 3 | ഹയർ സെക്കന്ററി | 587 | 303 | 68 | 18 | 217 | 50 | 131 | 4 | 97 |
| 4 | ബിരുദം | 249 | 84 | 19 | 5 | 69 | 18 | 27 | 1 | 20 |
| 5 | ബിരുദാനന്തര ബിരുദം | 105 | 28 | 6 | 3 | 31 | 5 | 4 | 1 | 11 |
| 6 | സർട്ടിഫിക്കറ്റ് കോഴ്സ് | 339 | 216 | 30 | 6 | 128 | 35 | 19 | 0 | 52 |
| 7 | ഡിപ്ലോമ കോഴ്സ് | 452 | 364 | 30 | 15 | 186 | 65 | 19 | 8 | 77 |
| 8 | എഞ്ചിനീയറിംഗ് ബിരുദം | 17 | 13 | 3 | 0 | 8 | 2 | 1 | 0 | 0 |
| 9 | മറ്റ് കോഴ്സുകൾ | 346 | 236 | 43 | 12 | 143 | 13 | 65 | 3 | 54 |
| 10 | മറ്റുള്ളവ | 4 | 0 | 2 | 0 | 1 | 0 | 0 | 0 | 1 |
| | ആകെ | 11781 | 9762 | 1552 | 411 | 4932 | 1457 | 1124 | 143 | 2225 |

## പട്ടിക 34 : പഠനം ഉപേക്ഷിച്ചവരുടെ കുടുംബത്തിന്റെ മുഖ്യവരുമാനമാർഗം

| ക്രമ നമ്പർ | കുടുംബത്തിന്റെ മുഖ്യ വരുമാന മാർഗം | പഠനം ഉപേക്ഷിച്ചർ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രൈമറി | സെക്കന്ററി | ഹയർ സെക്കന്ററി | ബിരുദം | ബിരുദാനന്തര ബിരുദം | സർട്ടിഫിക്കറ്റ് കോഴ്സ് | ഡിപ്ലോമ കോഴ്സ് | എഞ്ചിനീയറിംഗ് ബിരുദം | അലോപ്പതി ബിരുദം | ആയുർവേദ ബിരുദം | ഹോമിയോ ബിരുദം | മറ്റ് കോഴ്സുകൾ | ആകെ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | വനവിഭവ ശേഖരണം | 229 | 133 | 16 | 9 | 2 | 3 | 6 | 1 | 0 | 0 | 0 | 19 | 418 |
| 2 | കൃഷി | 1098 | 1158 | 189 | 38 | 11 | 35 | 41 | 20 | 0 | 0 | 0 | 103 | 2693 |
| 3 | പരമ്പരാഗത ഉത്പന്നങ്ങളുടെ നിർമ്മാണം | 30 | 45 | 12 | 2 | 3 | 3 | 12 | 1 | 0 | 0 | 0 | 1 | 109 |
| 4 | മൃഗപരിപാലനം | 70 | 73 | 7 | 3 | 0 | 0 | 2 | 0 | 0 | 0 | 0 | 17 | 172 |
| 5 | ചെറുകിട കച്ചവടം | 13 | 19 | 7 | 1 | 0 | 1 | 0 | 1 | 0 | 0 | 0 | 2 | 44 |
| 6 | പച്ചമരുന്നു ശേഖരണം | 27 | 29 | 4 | 1 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 62 |
| 7 | കർഷകതൊഴിലാളി | 11333 | 8473 | 897 | 333 | 150 | 699 | 1030 | 3 | 0 | 0 | 0 | 510 | 23428 |
| 8 | വനമേഖലയിലെ കൂലിപ്പണി | 616 | 664 | 61 | 28 | 8 | 7 | 9 | 8 | 0 | 0 | 0 | 69 | 1470 |
| 9 | തൊഴിലുറപ്പ് പദ്ധതി | 259 | 252 | 22 | 8 | 2 | 9 | 10 | 7 | 0 | 0 | 0 | 36 | 605 |
| 10 | കാർഷികേതര തൊഴിലാളി | 1294 | 1409 | 146 | 46 | 12 | 44 | 55 | 2 | 0 | 0 | 0 | 97 | 3105 |
| 11 | എസ്റ്റേറ്റ് തൊഴിലാളി | 105 | 93 | 3 | 3 | 0 | 1 | 8 | 0 | 0 | 0 | 0 | 3 | 216 |
| 12 | സർക്കാർ/അർദ്ധ സർക്കാർ ജോലി | 123 | 322 | 88 | 11 | 3 | 12 | 13 | 0 | 0 | 0 | 0 | 41 | 613 |
| 13 | സ്വകാര്യമേഖലയിൽ സ്ഥിരം തൊഴിൽ | 35 | 75 | 9 | 4 | 1 | 2 | 3 | 0 | 0 | 0 | 0 | 6 | 135 |
| 14 | വനമേഖലയിൽ സ്ഥിരം തൊഴിൽ | 10 | 10 | 4 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 25 |
| 15 | എസ്റ്റേറ്റ് മേഖലയിൽ സ്ഥിരം തൊഴിൽ | 24 | 40 | 5 | 0 | 0 | 3 | 5 | 0 | 0 | 0 | 0 | 6 | 83 |
| 16 | മറ്റുള്ളവ | 61 | 52 | 5 | 4 | 2 | 5 | 1 | 1 | 0 | 0 | 0 | 10 | 141 |
| 17 | വരുമാന മാർഗ്ഗമില്ല | 37 | 27 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 68 |
| | ആകെ | 1536 | 1287 | 1476 | 492 | 194 | 825 | 1196 | 44 | 0 | 0 | 0 | 923 | 3338 |

## പട്ടിക 35 : പഠനം ഉപേക്ഷിച്ചവരിൽ പഠനം തുടരാൻ താല്പര്യമുള്ളവർ

| ക്രമ നമ്പർ | പട്ടികവർഗ വിഭാഗം | പഠനം തുടരാൻ താല്പര്യമുള്ളവർ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രൈമറി | സെക്കന്ററി | ഹയർ സെക്കന്ററി | ബിരുദം | ബിരുദാനന്തര ബിരുദം | സർട്ടിഫിക്കറ്റ് കോഴ്സ് | ഡിപ്ലോമ കോഴ്സ് | എഞ്ചിനീയറിംഗ് ബിരുദം | അലോപ്പതി ബിരുദം | ആയുർവേദ ബിരുദം | ഹോമിയോ ബിരുദം | മറ്റ് കോഴ്സുകൾ | ആകെ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | തിരുവനന്തപുരം | 10 | 44 | 15 | 7 | 1 | 3 | 2 | 1 | 0 | 0 | 0 | 19 | 102 |
| 2 | കൊല്ലം | 13 | 25 | 8 | 0 | 1 | 3 | 0 | 0 | 0 | 0 | 0 | 2 | 52 |
| 3 | പത്തനംതിട്ട | 14 | 58 | 21 | 0 | 0 | 2 | 1 | 0 | 0 | 0 | 0 | 2 | 98 |
| 4 | ആലപ്പുഴ | 3 | 13 | 12 | 2 | 0 | 2 | 0 | 0 | 0 | 0 | 0 | 1 | 33 |
| 5 | കോട്ടയം | 40 | 27 | 9 | 0 | 0 | 4 | 0 | 0 | 0 | 0 | 0 | 8 | 88 |
| 6 | ഇടുക്കി | 158 | 202 | 68 | 6 | 1 | 10 | 4 | 3 | 0 | 0 | 0 | 5 | 457 |
| 7 | എറണാകുളം | 25 | 58 | 22 | 4 | 3 | 2 | 3 | 2 | 0 | 0 | 0 | 3 | 122 |
| 8 | തൃശ്ശൂർ | 13 | 30 | 2 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 56 |
| 9 | പാലക്കാട് | 209 | 321 | 24 | 6 | 0 | 1 | 0 | 0 | 0 | 0 | 0 | 102 | 663 |
| 10 | മലപ്പുറം | 124 | 89 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 213 |
| 11 | കോഴിക്കോട് | 74 | 98 | 42 | 11 | 0 | 2 | 0 | 0 | 0 | 0 | 0 | 1 | 228 |
| 12 | വയനാട് | 1257 | 946 | 237 | 23 | 0 | 18 | 18 | 0 | 0 | 0 | 0 | 129 | 2628 |
| 13 | കണ്ണൂർ | 311 | 99 | 1 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 416 |
| 14 | കാസർഗോഡ് | 114 | 512 | 51 | 30 | 18 | 29 | 56 | 0 | 0 | 0 | 0 | 139 | 949 |
| | **ആകെ** | **2365** | **2522** | **512** | **95** | **24** | **76** | **84** | **6** | **0** | **0** | **0** | **421** | **6105** |

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5057 01.07.2013-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാർക്കെതിരെ നടന്നു വരുന്ന അതിക്രമങ്ങൾ**

**ചോദ്യം**

ശ്രീ. പി.കെ.ഗുരുദാസൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. സി.കെ.സദാശിവൻ
,, കെ.വി. വിജയദാസ്

**ഉത്തരം**

**കുമാരി പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്കെതിരെ നടന്നു വരുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഇതിന് കേന്ദ്ര സഹായ പദ്ധതിയുണ്ടോ; ഈ വർഷത്തെ ബജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ആയത് മുൻ വർഷം എത്ര യായിരുന്നു ; | (എ) | പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയ്ക്കായി 2225-02-800-68- ശീർഷകത്തിൽ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പട്ടിക വർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യാൻ കർശന നിയമ നടപടി സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി പ്രകാരം ഉറപ്പ് വരുത്തുന്നുണ്ട്. ഇത് 50 ശതമാനം കേന്ദ്ര സഹായ പദ്ധതിയാണ്. 2013-14 സാമ്പത്തികവർഷം ടി പദ്ധതി നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷം ഈ ഇനത്തിൽ 33 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| (ബി) | ഈ വർഷത്തെ സ്കീമിൽ നിന്ന് അതിക്രമങ്ങൾക്ക് വിധേയരായവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുകയുണ്ടായി ; | (ബി) | ഈ വർഷത്തെ സ്കീമിൽ നിന്ന് അതിക്രമങ്ങൾക്ക് വിധേയരായ 8 പേർക്ക് 3,45,000/-രൂപ ധന സഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | അതിക്രമങ്ങൾക്കെതിരെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നറിയാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 306 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

Rashmi

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5064

01/07/2013-ൽ മറുപടിക്ക്

## ആദിവാസി കോളനികളിലെ തൊഴിലില്ലായ്മ മൂലമുള്ള പട്ടിണി മരണം

ചോദ്യം

മറുപടി

ശ്രീമതി.ഗീതാ ഗോപി :

കുമാരി.പി.കെ.ജയലക്ഷ്മി
[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി]

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി കോളനികളിൽ തൊഴിലില്ലായ്മ മൂലം പട്ടിണി മരണം നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | തൊഴിൽരഹിതരായ ആദിവാസികളുടെ കണക്ക് ജില്ല തിരിച്ചു ലഭ്യമാക്കുമോ; | (ബി) | തൊഴിൽരഹിതരായ ആദിവാസികളുടെ കണക്ക് ജില്ലതിരിച്ച് ലഭ്യമല്ല. ആയത് വിവിധജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| (സി) | തൊഴിലില്ലായ്മ മൂലം പട്ടിണി നേരിടുന്ന ആദിവാസി കുടുംബങ്ങൾക്കുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | തൊഴിലില്ലായ്മ മൂലം ആദിവാസി കുടുംബങ്ങൾ പട്ടിണി നേരിടുന്നില്ല. മൺസൂൺ കാലത്ത് (ജൂൺ മുതൽ സെപ്തംബർ വരെ) 4 മാസക്കാലം തുടർച്ചയായുള്ള മഴക്കാലമായതിനാൽ ആദിവാസി സങ്കേതങ്ങളിൽ നിന്നും പുറത്തുപോയി ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ ഈ കോളനികളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഉണ്ടാകാതിരിക്കാൻ ഭക്ഷ്യസഹായ പദ്ധതി എല്ലാ ജില്ലയിലും എല്ലാ വർഷവും നടപ്പാക്കി വരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ പ്രോജക്ട് ഓഫീസർമാർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് 180.00 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിവിധ ജില്ലകളുടെ ആവശ്യമനുസരിച്ച് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പ്രോജക്ട് ഓഫീസർമാർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ നടപ്പിലാക്കി വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ട്രൈബൽ പ്രമോട്ടർമാർ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയ, പണിയ പദ്ധതി പ്രകാരം അടിയന്തിര സാഹചര്യം പരിഗണിച്ച് ആവശ്യമായ സ്ഥലങ്ങളിൽ പാകം ചെയ്ത ഭക്ഷണവിതരണം നടത്തി വരുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ റിപ്പോർട്ട് ചെയ്യപ്പെട്ട പട്ടിണി മരണങ്ങൾ എത്രയാണ്; വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5065 01/07/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ ടിയാളുടെ ഭാര്യയുടെ പേരിൽ സർക്കാർ സൗജന്യമായി ഭൂമി നൽകുന്നതിന് തടസ്സമുണ്ടോ ; വിശദമാക്കുമോ; | എ യും ബി യും | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി പതിച്ചുകൊടുക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്വന്തം പേരിലോ ഭർത്താവിന്റെ /ഭാര്യയുടെ പേരിലോ ഭൂമി ഇല്ലാത്തവർക്കും മറ്റേതെങ്കിലും ഭൂമിക്ക് അവകാശമില്ലാത്തവർക്കും, വാർഷിക വരുമാനം 30,000/ രൂപയിൽ കുറവുള്ളവരുമായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കാണ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണത്തിന് മുൻഗണന നൽകുന്നത്. ജനകീയ കമ്മിറ്റികളുടെ ശുപാർശകളും, ഊരുകൂട്ടങ്ങളുടെ അഭിപ്രായവും, പൊതു ജനങ്ങളിൽ നിന്ന് അപേക്ഷകളും പരിഗണിച്ച് ജില്ലാ മിഷനാണ് ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. ഇതനുസരിച്ച് സർക്കാർ ജോലിയുള്ള അംഗത്തിന്റെ കുടുംബത്തിന് ഭൂമി ലഭിക്കുന്നതിന് അർഹത ഇല്ല. |
| ബി | പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യയുടെ പേരിൽ ഭൂമി നൽകരുതെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| സി | ഭാര്യയും ഭർത്താവും സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ ഇവർക്ക് സർക്കാർ ഭൂമി ലഭിക്കുവാൻ അർഹതയുണ്ടോ ; | സി | ഇല്ല. സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്വന്തം പേരിലോ ഭർത്താവിന്റെ/ഭാര്യയുടെ പേരിലോ ഭൂമി ഇല്ലാത്തവർക്കും മറ്റേതെങ്കിലും ഭൂമിയ്ക്ക് അവകാശമില്ലാത്തവർക്കും, വാർഷിക വരുമാനം 30,000/ രൂപയിൽ കുറവുള്ളവരുമായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കാണ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണത്തിന് മുൻഗണന നൽകുന്നത്. |

| | | | |
|---|---|---|---|
| ഡി | പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് സർക്കാർ സൗജന്യമായി ഭൂമി നൽകുകയും തുടർന്ന് അയാളോ ഭാര്യയോ സർക്കാർ സർവ്വീസിൽ പ്രവേശിക്കുകയോ ചെയ്ത സന്ദർഭത്തിൽ സർക്കാർ ഭൂമി തിരിച്ചെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ ; എങ്കിൽ ആയതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | ഡി | പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് സർക്കാർ സൗജന്യമായി ഭൂമി നൽകുകയും തുടർന്ന് അയാളോ ഭാര്യയോ സർക്കാർ · സർവ്വീസിൽ പ്രവേശിക്കുകയോ ചെയ്ത സന്ദർഭത്തിൽ സർക്കാർ ഭൂമി തിരിച്ചെടുത്ത സംഭവം ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—ആദിവാസി പുനരധിവാസ വികസന മിഷൻ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(പി). നമ്പർ 41/2002/പ.ജ.പ.വ.വി.വ. തിരുവനന്തപുരം, 2002 ജൂലായ് 20.

വായന:—(1) ജി.ഒ.(പി.) നമ്പർ 63/01/പ.ജ.പ.വ.വി.വ. തീയതി 9-11-2001.

## ഉത്തരവ്

സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി ലഭ്യമാവുന്ന സ്ഥലങ്ങളിൽ പരമാവധി 5 ഏക്കർവരേയും ഭൂമി നൽകുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പതിച്ചുനൽകാൻ കണ്ടെത്തുന്ന ഓരോ ഭൂമിയും പതിച്ച് ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങളിൽ നിന്നും അതാത് പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അപേക്ഷകൾ സ്വീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്. ഇതിനായി അപേക്ഷാഫാറങ്ങൾ അച്ചടിച്ച് ടി.ഇ.ഒ. ആഫീസുകൾ, ഗ്രാമ പഞ്ചായത്ത് ആഫീസുകൾ, വില്ലേജ് ആഫീസുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്നതാണ്.
2. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണ്.
3. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന കരട് ലിസ്റ്റ് ജില്ലാതല ജനകീയ കമ്മിറ്റിയുടെയും ഊരുകൂട്ടങ്ങളുടെയും പരിശോധനയ്ക്കും, ശുപാർശയ്ക്കും നൽകുന്നതാണ്.
4. ജനകീയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും;

| | | |
|---|---|---|
| (1) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | (അദ്ധ്യക്ഷൻ) |
| (2) | ജില്ലയിലെ എല്ലാ എം.പി.മാരും, എം.എൽ.എ. മാരും | അംഗങ്ങൾ |
| (3) | ആദിവാസി കുടുംബങ്ങൾ ഇപ്പോൾ താമസമുള്ള എല്ലാ ഗ്രാമ-പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ | അംഗങ്ങൾ |

GCPT. 3/2761/2002/DTP

| | | |
|---|---|---|
| (4) | ഗ്രാമ-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ ആദിവാസി വിഭാഗത്തിലെ എല്ലാ ജനപ്രതിനിധികളും | അംഗങ്ങൾ |
| (5) | ബന്ധപ്പെട്ട എല്ലാ താലൂക്ക് തഹസീൽദാർമാരും | അംഗങ്ങൾ |
| (6) | കിർത്താർഡ്സിന്റെ പ്രതിനിധി | അംഗം |
| (7) | ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർമാർ | കൺവീനർ |

ജില്ലാ കളക്ടർമാർ മേൽ ഘടനയോടുകൂടിയ ജില്ലാ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

5. ജനകീയ കമ്മിറ്റികളുടെ ശുപാർശകളും ഊരുകൂട്ടങ്ങളുടെ അഭിപ്രായങ്ങളും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ആക്ഷേപങ്ങളും പരിഗണിച്ച് ജില്ലാ മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

6. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്നീ ക്രമത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

   ഇപ്രകാരം കുറ്റമറ്റരീതിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം ജില്ലാമിഷൻ ഭൂമി പതിച്ചുനൽകുന്നതാണ്. ലഭ്യമായ പ്ലോട്ടുകളേക്കാൾ ഭൂരഹിതരുടെ എണ്ണം കൂടുതലാണെങ്കിൽ ഗുണഭോക്താക്കളെ ചീട്ടിട്ട് തെരഞ്ഞെടുക്കേണ്ടതാണ്. സ്ഥലം തീരെ കുറവാണെങ്കിൽ ഒരേക്കറിൽ താഴെയുള്ള പ്ലോട്ടുകളും വിതരണം ചെയ്യുവാൻ ജില്ലാമിഷന് തീരുമാനിക്കാവുന്നതാണ്.

7. ഇതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,
സെക്രട്ടറി,
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.

ആദിവാസി പുനരധിവാസ വികസനമിഷൻ, തിരുവനന്തപുരം
ആദിവാസി പുനരധിവാസ വികസനമിഷൻ മെമ്പർമാർക്ക്
എല്ലാ പ്രിൻസിപ്പൽ/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവൻമാർക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖകത്ത് മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
ലാൻഡ്-റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, ട്രഷറി വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

GOVERNMENT OF KERALA

Abstract

Scheduled Castes /Scheduled Tribes Development Department - Tribal Resettlement & Development Mission - Selection of tribal beneficiaries for allotment of land - Guidelines issued.

SCHEDULED CASTES/SCHEDULED TRIBES DEVELOPMENT (D) DEPARTMENT

G.O.(Ms)No.23/2010/SCSTDD Thiruvananthapuram, Dated 24-02-2010

Read: 1. Minutes of the 20th meeting of the Empowered Mission Committee of the Tribal Resettlement & Development Mission held on 19.1.2010

2. Government Letter No.830/D2/09/SCSTDD dated 18-2-09

ORDER

The Empowered Mission Committee examined in detail the experience of distribution of land to tribals in the sites taken up for resettlement and rehabilitation by the Mission so far. It was seen that the Mission has not been able to harness the participation of the community / Oorukoottom so far in the resettlement areas. It was also seen that one of the important factors for this failure was the difficulty in getting the tribals to act together as they belonged to different gothras.

The Committee recommended that in future allotment of plots in TRDM sites should be to families from the same gothra as far as possible.

The Committee also observed that to get the maximum benefit out of a site taken up for resettlement and rehabilitation, resource-mapping should be first undertaken and a spatial master plan for land use made before allotment of sites to families.

Further, in such settlements houses should be planned in clusters of 50 to 75 houses, so that joint farming and other group activity can be planned in the remaining area of the site.

Government accept the recommendations of the Empowered Mission Committee and hereby order accordingly.

Government further order that the provisions of the Scheduled Tribes Assignment of Government Land Rules, 2001 shall be followed strictly in allotment of land to tribals, and specifically that only landless tribals having no land in their name or of their spouse, having no right to any land, and whose annual income is below Rs.30,000/-, shall be considered for allotment of land under the Tribal Resettlement & Development Mission. It is further ordered that in case there are no

tribals in a District fulfilling these criteria for allotment of land, eligible applicants from neighbouring Districts be considered for allotment of land.

All District Collectors will ensure that all future allotments of land in Tribal Resettlement & Development Mission sites shall be carried out as above.

By Order of the Governor
sd/-
PAUL ANTONY,
Principal Secretary to Government

To

All District Collectors
The Chief, Tribal Resettlement & Development Mission,Thiruvananthapuram
The Commissioner of Land Revenue, Thiruvananthapuram
The Director,
Scheduled Tribe Development Department, Thiruvananthapuram
Revenue Department
Scheduled Castes/Scheduled Tribes Development (B) Department
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram
Stock File/Office Copy

Forwarded/By Order

Section Officer.

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി / പട്ടികവർഗ്ഗ വികസനവകുപ്പ് - ആദിവാസി പുനരധിവാസ വികസനമിഷൻ ഭൂമി അനുവദിക്കുന്നതിന് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ. (എം.എസ്) നം. 106/2010/പജപവവിവ

തിരുവനന്തപുരം, തീയതി: 6.10.2010

പരാമർശം:- 24-02-2010-ലെ സ.ഉ. (എം.എസ്) 23/2010/പജപവവിവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിൽ ഭൂമി അനുവദിക്കുന്നതിന് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, 19-01-2010-ലെ എംപവേർഡ് മിഷൻ കമ്മിറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കാനുള്ള അർഹത സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ അവ്യക്തത ഉണ്ടെന്നകാര്യം പിന്നീട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ സ്വന്തം പേരിലോ, ഭർത്താവിന്റെ/ഭാര്യയുടെ, പേരിലോ ഭൂമി ഇല്ലാത്തവർക്കും മറ്റെവിടെയെങ്കിലും ഭൂമിയ്ക്ക് അവകാശമില്ലാത്തവർക്കും വാർഷിക വരുമാനം 10,000/- രൂപയിൽ കുറവുള്ളവരുമായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിലുള്ള ഭൂമി വിതരണത്തിന് മുൻഗണന നൽകുന്നതാണെന്നകാര്യം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പോൾ ആന്റണി

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ്, ആദിവാസി പുനരധിവാസ വികസന മിഷൻ, തിരുവനന്തപുരം

ഉത്തരവിൻപ്രകാരം.

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5067 — 01/07/2013-ൽ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായം

ചോദ്യം — മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ. പാലോട് രവി
ശ്രീ.ജോസഫ് വാഴക്കൻ

കുമാരി.പി.കെ.ജയലക്ഷ്മി
[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി]

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ യും ബി യും സി യും) | ഉണ്ട്. 15/9/2011-ലെ സ.ഉ (കൈ) നം. 93/2011/പജപവവിവ പ്രകാരം, നിലവിലുണ്ടായിരുന്ന ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാനുമുള്ള വീടുകളുടെ ഗുണഭോക്താക്കൾക്കും വർദ്ധിപ്പിച്ച നിരക്കിനു ആനുപാതികമായി തുക അനുവദിക്കുന്നതിനു 28/9/11-ലെ സർക്കാർ ഉത്തരവ് (കൈ) നം.96/2011/ പജപവവിവ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ; | | |
| സി) | ധനസഹായം നിലവിലുള്ളതിനെക്കാൾ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | | |
| (ഡി) | വർദ്ധിപ്പിച്ച ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ധനസഹായം വർദ്ധിപ്പിച്ചതിനുശേഷം വകുപ്പുമുഖേന അനുവദിച്ച എല്ലാ വീടുകൾക്കും വർദ്ധിപ്പിച്ച നിരക്കായ 2.5 ലക്ഷം രൂപയാണ് ഭവന നിർമ്മാണ |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നത് കൂടാതെ മുൻകാലങ്ങളിൽ അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കാനുള്ള വീടുകൾക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ ആനുപാതികമായ തുക നൽകുന്നുണ്ട്. ഇതിന് ആവശ്യമായ തുക പ്രോജക്ടാഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ സമയ ബന്ധിതമായി പരിശോധിച്ച് തുടർന്നുള്ള ഗഡുക്കൾ കാലതാമസം കൂടാതെ അനുവദിച്ച് നൽകുന്നതിന് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5076 — 01/07/2013-ൽ മറുപടിക്ക്

### കാഴ്ചബംഗ്ളാവുകളുടെ വരുമാനം

ചോദ്യം

ശ്രീമതി. കെ.കെ. ലതിക

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ളാവുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കാഴ്ചബംഗ്ളാവുകൾ ഉണ്ട്.<br>തിരുവനന്തപുരം<br>1 . ആർട്ട് ഗാലറി<br>2 . ആർട്ട് മ്യൂസിയം<br>3 . നാച്വറൽ ഹിസ്റ്ററി മ്യൂസിയം<br>4 . ശ്രീ ചിത്രാ എൻക്ളേവ്<br>5 . കെ . സി . എസ് . പണിക്കർ ഗാലറി<br>തൃശ്ശൂർ<br>1 . ആർട്ട് മ്യൂസിയം<br>2 . മൾട്ടി പർപ്പസ് മ്യൂസിയം<br>കോഴിക്കോട്<br>ആർട്ട് ഗാലറി ആന്റ് കൃഷ്ണ മേനോൻ മ്യൂസിയം |
| (ബി) | ഓരോ കാഴ്ച ബംഗ്ളാവുകളിലും വിനോദ സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാണ്; വെളിപ്പെടുത്തുമോ ; | (ബി) | ഓരോ കാഴ്ച ബംഗ്ളാവുകളിലും വിനോദ സഞ്ചാരികൾക്ക് ഗൈഡ് ലക്ചററുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി വീൽചെയറുകൾ ഏർപ്പെടുത്തുകയും, റാമ്പ് സ്ഥാപിക്കുയുകംചെയ്തു.കുടിവെള്ളംലഭ്യമാക്കി യിട്ടുണ്ട്. ഓട്ടോമാറ്റിക് ടിക്കറ്റ്മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടിസ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഓരോ കാഴ്ച ബംഗ്ളാവുകളിൽ നിന്നും 2013 -14 വർഷത്തിൽ ഇതുവരെയായി എന്ത് വരുമാനം ലഭിച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ? | (സി ) | ഓരോ കാഴ്ച ബംഗ്ളാവിലും 1.4.2013 മുതൽ 26.6.2013 വരെ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.<br>1.ആർട്ട് ഗാലറി കെ.സി.എസ്. പണിക്കർ ഗ്യാലറി - 129485 രൂപ<br>2.ആർട്ട് മ്യൂസിയം ശ്രീ ചിത്രാ എൻക്ളേവ് - 442246 രൂപ<br>3. നാച്ചറൽ ഹിസ്റ്ററി മ്യൂസിയം നവീകരണത്തിന്റെ ഭാഗമായി നവംബർ മുതൽ അടച്ചിട്ടിരിക്കുന്നതിനാൽ വരുമാനം ലഭിച്ചിട്ടില്ല.<br>4.തൃശ്ശൂർ മ്യൂസിയം മൃഗശാല എന്നിവയ്ക്കായി ഒറ്റ ടിക്കറ്റാണ്.കാഴ്ച ബംഗ്ളാവിന് പ്രത്യേകം ടിക്കറ്റ് ഏർപ്പെടുത്തിയിട്ടില്ല.-1626511 രൂപ.<br>5.ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം -13256 രൂപ |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5077** **01/07/2013**-ൽ മറുപടിക്ക്

<u>മലമ്പുഴയിൽ പുതിയ മ്യൂസിയം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. എം. ഹംസ

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | മലബാർ മേഖലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴ ഗാർഡൻസിൽ ഒരു മ്യൂസിയം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദീകരിക്കാമോ ? | | മ്യൂസിയം ആരംഭിക്കുന്നതിനാവശ്യമായ സ്ഥലവും ,ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മലമ്പുഴ ഗാർഡൻസിൽ ഒരു മ്യൂസിയം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5078** **01/07/2013**-ൽ മറുപടിക്ക്

## മ്യൂസിയം/മൃഗശാലകളിൽ സന്ദർശകർക്ക് ബാറ്ററി കാർ


ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എം.പി. വിൻസെന്റ്

ശ്രീ. റ്റി.എൻ.പ്രതാപൻ

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മ്യൂസിയം/ മൃഗശാലകളിൽ സന്ദർശകർക്ക് വേണ്ടി ബാറ്ററി കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | മൃഗശാല സന്ദർശകർക്കായി 8 സീറ്റിന്റെ രണ്ട് ബാറ്ററി കാർ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | | പ്രായമേറിയവർ, ശാരീരിക അവശത നേരിടുന്നവർ,ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ സന്ദർശകർക്ക് ആയാസരഹിതമായി മൃഗശാല സന്ദർശിക്കുന്നതിന് സൗകര്യമൊരുക്കുന്നു. ശബ്ദരഹിതവും പുക വമിപ്പിക്കാത്തതുമായതിനാൽ മൃഗങ്ങൾക്ക് അലോസരമുണ്ടാകാത്തതും പരിസ്ഥിതി സൗഹൃദവുമാണ് ഈ വാഹനം.ഭീമമായ ഇന്ധന വിലയിൽ നിന്നും വകുപ്പിന് സാമ്പത്തിക നേട്ടവും സർക്കാരിന് വരുമാനവും ലഭിക്കുന്നതാണ്. |
| (സി) | ഈ സംവിധാനത്തിന്റെ പ്രയോജനം ഏതെല്ലാം സന്ദർശകർക്കാണ് ലഭിക്കുന്നത്; വിശദമാക്കുമോ ? | | ശാരിരിക അവശത നേരിടുന്നവർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ,വയോവൃദ്ധർ എന്നിവർക്ക് ബാറ്ററി വാഹനം പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5079** **01/07/2013**-ൽ മറുപടിക്ക്

## മൃഗശാലയിലെ നവീകരണ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. എ. എ. അസീസ്

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ഏതൊക്കെ ഇനത്തിലുള്ള മൃഗങ്ങൾ എത്ര എണ്ണം വീതമാണ് ഇപ്പോൾ ഉള്ളത് ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തിരുവനന്തപുരം മൃഗശാലയിൽ ഒരു ദിവസം ശരാശരി എത്ര സന്ദർശകരാണ് എത്താറുള്ളത്; | (ബി) | തിരുവനന്തപുരം മൃഗശാലയിൽ ഒരു ദിവസം ശരാശരി 7308 സന്ദർശകർ എത്താറുണ്ട്. |
| (സി) | സന്ദർശക ഫീ ഇനത്തിൽ മൃഗശാലയ്ക്ക് ഒരു ദിവസം എത്ര രൂപയാണ് ശരാശരി വരുമാനം ലഭിക്കുന്നത് ? | (സി) | സന്ദർശക ഫീ ഇനത്തിൽ മൃഗശാലയിൽ നിന്നും ഒരു ദിവസം ശരാശരി 86,334 രൂപ ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

തിരുവനന്തപുരം മൃഗശാലയിൽ നിലവിലുള്ള പക്ഷി മൃഗാദികളുടെ ഇനവും എണ്ണവും

പക്ഷികൾ

| | | | |
|---|---|---|---|
| 1 | Peacock | --- | 14 |
| 2 | Spoonbill white | --- | 2 |
| 3 | Vulture Bengal | --- | 2 |
| 4 | Brahmini Kite | --- | 4 |
| 5 | Heron Grey | --- | 9 |
| 6 | Ibis White | --- | 2 |
| 7 | Parakeet Alexandrine | --- | 17 |
| 8 | Pelican Rosy White | --- | 1 |
| 9 | Gray Pelican | --- | 2 |
| 10 | Stork Adjuntant | --- | 2 |
| 11 | Stork Painted | --- | 2 |
| 12 | Stork Black Necked | --- | 1 |
| 13 | Stork White | --- | 1 |
| 14 | Vulture Cinerous | --- | 2 |
| 15 | Vulture King | --- | 2 |
| 16 | Sea eagle - White bellied | --- | 1 |
| 17 | Ostrich | --- | 3 |
| 18 | Pheasant Golden | --- | 4 |
| 19 | Pheasant Silver | --- | 8 |
| 20 | Pheasant Kaleji | --- | 2 |
| 21 | Pariah Kite | --- | 6 |

| | | | |
|---|---|---|---|
| 22 | Emu | --- | 2 |
| 23 | Lady Amherst Pheasant | --- | 5 |
| 24 | Mandarin Duck | --- | 3 |
| 25 | Carolina Duck | --- | 4 |
| 26 | Darter | --- | 3 |
| 27 | Eclectus Parrot | --- | 4 |
| 28 | Green Winged Macaw | --- | 4 |
| 29 | Heron Night | --- | 2 |
| 30 | Heron Pond | --- | 1 |
| 31 | Heron Purple | --- | 3 |
| 32 | Blue Gold Macaw | --- | 2 |
| 33 | Greater Sulphur Cockatoo | --- | 1 |
| 34 | Molluccan Cockatoo | --- | 2 |
| 35 | Orange Winged Amazon | --- | 2 |
| 36 | African Grey Parrot | --- | 5 |
| 37 | Violet Turaco | --- | 1 |
| 38 | Sun Conure | --- | 6 |
| 39 | Palm Cockatoo | --- | 2 |
| 40 | Black Swan | --- | 4 |
| 41 | Vulterine Guinea Fowl | --- | 2 |
| 42 | Hartlaubs Turaco | --- | 2 |
| 43 | Livingston Turaco | --- | 4 |
| 44 | Kenyan Crusted Guinea Fowl | --- | 3 |
| 45 | Yellow Collared Macaw | --- | 1 |

| | | | |
|---|---|---|---|
| 46 | Scarlet Macaw | --- | 2 |
| 47 | Barn Owl | --- | 7 |
| 48 | Lesser Whistling Teal | --- | 2 |
| 49 | Brown Fish Owl | --- | 3 |
| 50 | Green Ring Necked Pheasant | --- | 2 |
| 51 | Red Ring Necked Pheasant | --- | 2 |
| 52 | Blue Crowned Pigeon | --- | 4 |
| 53 | Brown Rhea | --- | 2 |
| 54 | White Rhea | --- | 2 |
| 55 | Silver Golden Pheasant | --- | 4 |
| 56 | Yellow Golden Pheasant | --- | 4 |
| 57 | Crested Ducks | --- | 6 |

സസ്തനികൾ

| | | | |
|---|---|---|---|
| 1 | Bear Himalayan Black | --- | 1 |
| 2 | Bear Sloth | --- | 3 |
| 3 | Black Buck | --- | 24 |
| 4 | Jungle Cat | --- | 4 |
| 5 | Indian Elephant | --- | 2 |
| 6 | Jaguar | --- | 2 |
| 7 | Common Langur | --- | 2 |
| 8 | Nilgiri Langur | --- | 4 |
| 9 | Leopard/Panther | --- | 7 |

| | | | |
|---|---|---|---|
| 10 | Tiger | --- | 7 |
| 11 | Macaque Lion-Tailed | --- | 12 |
| 12 | Rhesus Macaque | --- | 9 |
| 13 | Gaint Malabar Squirrel | --- | 1 |
| 14 | Indian one horned Rhino | --- | 1 |
| 15 | Indian Guar | --- | 4 |
| 16 | Cape African Buffalo | --- | 4 |
| 17 | Barking Deer - Muntjac | --- | 3 |
| 18 | Hog Deer | --- | 28 |
| 19 | Sambar Deer | --- | 119 |
| 20 | Spotted Deer | --- | 159 |
| 21 | Hippopotamus | --- | 7 |
| 22 | Hybrid Lion | --- | 5 |
| 23 | Nilgai - Blue Bull | --- | 2 |
| 24 | Porcupine Indian | --- | 3 |
| 25 | Toddy Cat | --- | 3 |
| 26 | Marmoset | --- | 1 |
| 51 | Zebra | --- | 1 |
| 52 | Monkey | --- | 3 |

ഉരഗങ്ങൾ

| | | | |
|---|---|---|---|
| 1 | Cobra King | --- | 2 |
| 2 | Indian Cobra | --- | 11 |

| | | |
|---|---|---|
| 3 | Long Snouted Crocodile | --- 6 |
| 4 | Marsh Crocodile | --- 1 |
| 5 | Checkered keelback water snake | --- 1 |
| 6 | Indian Rock Python | --- 5 |
| 7 | Viper | --- 4 |
| 8 | Snake Rat | --- 4 |
| 9 | Timket Snake | --- 6 |
| 10 | Caiman Spectacled | --- 11 |
| 11 | Iguana | --- 1 |
| 12 | Common Krait | --- 1 |
| 13 | Common Sand Boa | --- 4 |
| 14 | Smooth Water Snake | --- 3 |
| 15 | Snake tree | --- 3 |
| 16 | Green Whip Snake | --- 4 |
| 17 | Indian Flapshell turtle | --- 7 |
| 18 | Land Tortoise | --- 2 |
| 20 | Star Tortoise | --- 1 |

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5080** — **01/07/2013**-ൽ മറുപടിക്ക്

<u>മൃഗശാലയിലെ പക്ഷിമൃഗാദികളുടെ കൂടുകളുടെ വിശദാംശം</u>

<u>ചോദ്യം</u>

ശ്രീ. എം..എ. ബേബി

<u>ഉത്തരം</u>

കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും

കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്താപുരം മൃഗശാലക്കുള്ളിൽ പക്ഷികളുടെയും മൃഗങ്ങളുടേതുമടക്കം ആകെ എത്ര കൂടുകൾ ഉണ്ട് ; തരംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) | ആകെ 44 കൂടുകൾ. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇവയിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നു; തരംതിരിച്ച് ലഭ്യമാക്കുമോ ; | (ബി) | ഒഴിഞ്ഞുകിടക്കുന്ന കൂടുകൾ –2<br>കഴുതപ്പുലിക്കുള്ള കൂട് –1<br>ജിറാഫിന്റെ കൂട് –1 |
| (സി) | കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ജീവൻ നഷ്ടപ്പെട്ട പക്ഷിമൃഗാദികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ഇവയുടെ മതിപ്പ് വില സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വന്യജീവികൾക്ക് മതിപ്പുവില പാടില്ല എന്നാണ് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശം. അതിനാൽ വില കണക്കാക്കിയിട്ടില്ല. ഇവയെ പരിപാലിക്കുന്നതും കൈമാറ്റം ചെയ്യുന്നതും വില കണക്കാക്കിയിട്ടല്ല. എന്നാൽ വിദേശ വംശജരായ ജീവികൾക്ക് അവയെ വളർത്തുന്ന സ്വകാര്യ വ്യക്തികൾ കണക്കാക്കുന്ന വിലയാണ് അവയുടെ വില. അതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. വിദേശയിനം പക്ഷികളുടെ വില വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം -1</u>**

| | |
|---|---|
| 1. കുരങ്ങുകൾക്ക് | 6 കൂടുകൾ |
| 2. പക്ഷികൾക്ക് | 13 കൂടുകൾ |
| 3. പാമ്പ് | 2 കൂടുകൾ |
| 4. കരടി | 2 കൂടുകൾ |
| 5. സിംഹം | 1 കൂട് |
| 6. കടുവ | 2 കൂടുകൾ |
| 7. പുള്ളിപ്പുലി | 1 കൂട് |
| 8. കഴുതപ്പുലി | 1 കൂട് |
| 9. കണ്ടാമൃഗം | 1 കൂട് |
| 10. ആന | 1 കൂട് |
| 11. കാട്ടുപോത്ത് | 2 കൂടുകൾ |
| 12. സീബ്ര | 1 കൂട് |
| 13. ജിറാഫ് | 1 കൂട് |
| 14. മാനുകൾ | 6 കൂടുകൾ |
| 15. ചെറുസസ്തനികൾ | 1 കൂട് |
| 16. മുതലകൾക്ക് | 3 കൂടുകൾ |

<u>അനുബന്ധം-2</u>

<u>2011-12 ന്റെ വിശദാംശം</u>

| | |
|---|---|
| 1. വേഴാമ്പൽ | 1 |
| 2. ഹിപ്പോപൊട്ടാമസ് | 1 |
| 3. ട്രി.ന്റ്റ് സ്നേ ാക് | 2 |
| 4. മ്ലാവ് | 6 |
| 5. പുള്ളിമാൻ | 5 |
| 6. സൺകോന്നിയൂർ (പക്ഷി) | 2 |
| 7. മഞ്ഞുലി പാമ്പ് | 2 |
| 8. കടുവ | 1 |
| 9. അണലി | 1 |
| 10. സിംഹവാലൻകുരങ്ങ് | 1 |
| 11 സിംഹം | 1 |
| 12. മ്യൂട്ട് സ്വാൻ | 2 |
| 13. ക്രസ്റ്റ് ഡക്ക് | 1 |
| 14. കപ്പൂച്ചിൻ കുരങ്ങ് | 1 |
| 15. ബ്ലാക്ക് സ്വാൻ | 2 |
| 16. സിൽവർ പെസന്റ് | 1 |
| 17 പന്നിമാൻ | 3 |
| 18 മയിൽ | 1 |
| 19. പാഠ കൊക്കാറ്റൂ | 1 |
| 20. ടൊറാക്കോ ഹാർട്ട് ലാബ് | 1 |
| 21. ഇഗ്വാന | 1 |
| 22. ബ്ലൂ ക്രൗണ്ട് പീജിയൻ | 1 |

| | |
|---|---|
| 23. മോതിര തത്ത | 1 |
| 24. കണ്ണാടി മുതല | 1 |
| 25. ഗ്രീൻ റിംഗ് നെക്കഡ് പെസന്റ് | 2 |
| 26. മുള്ളൻപന്നി | 2 |
| 27. കുറുക്കൻ | 9 |
| 28. പന്നിക്കരടി | 1 |
| 29. യെല്ലോ കോളേഡ്മക്കാതത്ത | 1 |
| 30. കഴുതിപ്പുലി | 3 |
| 31. കഴുകൻ | 2 |
| 32. വർണ്ണകൊക്ക് | 1 |
| 33. ബ്ലാക്ക് നെക്കഡ് സ്വാൻ | 4 |
| | --------- |
| | 65 എണ്ണം |

<u>2012-13 ന്റെ വിശദാംശം</u>

| | |
|---|---|
| 1. സൺകോണിയൂർ | 2 |
| 2. നീലക്കാള | 2 |
| 3. മാർമോസെറ്റ് | 1 |
| 4. കരിംകുരങ്ങ് | 1 |
| 5. ല്ലാവ് | 3 |
| 6. ബ്ലാക്ക് നെക്കഡ് സ്ട്രോക്ക് | 1 |
| 7. നീർക്കുതിര | 1 |
| 8. മുതല | 1 |
| 9. പുള്ളിമാൻ | 7 |
| 10. മയിൽ | 2 |

| | |
|---|---|
| 11. കൃഷ്ണമൃഗം | 2 |
| 12. സൾഫർ ക്രിസ്റ്റഡ് കൊക്കാറ്റൂ | 1 |
| 13. പന്നിമാൻ | 1 |
| 14. സിൽവർ പെസന്റ് | 1 |
| 15. കേഴമാൻ | 1 |
| 16. ലേഡി അർഹേഴ്സ് ഫെസ്റ്റ് | 1 |
| 17. ടുറാക്കോ ഹാർട്ട് ലാബ് | 1 |
| | ---------- |
| | 29 എണ്ണം |

## അനുബന്ധം-3

| പക്ഷികളുടെ പേര് | ഒരെണ്ണത്തിന്റെ വില രൂപയിൽ |
|---|---|
| 1. സൺകോണിയൂർ | 20000 |
| 2. മ്യൂട്ട് സ്വാൻ | 112500 |
| 3. ക്രസ്റ്റ് ഡക്ക് | 25000 |
| 4. ബ്ലാക്ക് സ്വാൻ | 140000 |
| 5. സിൽവർ ഫെസന്റ് | 8000 |
| 6 പാം കൊക്കാറ്റോ | 480000 |
| 7. ടുറാക്കോ ഹാർട്ട് ലാബ് | 35000 |
| 8. ബ്ലൂ ക്രൗണഡ് പീജിയേൻ | 125000 |
| 9. ഗ്രീൻ റിംഗ് നെക്കഡ് ഫെസന്റ് | 15000 |
| 10. യെല്ലോ കോളേർഡ് മക്കാത്തത | 180000 |
| 11. ബ്ലാക്ക് നെക്കഡ് സ്വാൻ | 300000 |
| 12. സൺ കോണിയൂർ | 20000 |
| 13. സൾഫർ ക്രസ്റ്റഡ് കൊക്കാ[illegible] | 220000 |
| 14. സിൽവർ പെസൻഡ് | 8000 |
| 15. ലേഡി അരഹേഴ്സന്റ് ഫെസന്റ് | 25000 |
| 16. ടുറാക്കോ ഹാർട്ട് ലാമ്പ് | 35000 |

[signature]
സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5081 01/07/2013-ൽ മറുപടിക്ക്

### മൃഗശാലയിലെ പക്ഷികൾ നഷ്ടപ്പെട്ടതിന് അന്വേഷണം

ചോദ്യം

ശ്രീ.എം.എ. ബേബി

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിലെ പക്ഷികൾ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. തിരുവനന്തപുരം മൃഗശാല യിൽ 18.3.2011 ൽ തത്തക്കൂട്ടിൽ പാർപ്പിച്ചിരുന്ന രണ്ട് പക്ഷികളെ (അപൂർവ്വയിനത്തിൽപ്പെട്ട വൈലറ്റ് ടൊറാക്കോയും, ഹാർട്ട് ലാമ്പ് ടൊറാക്കോയും) കാണാതാവുകയും, അതിൽ ഒരെണ്ണത്തിനെ(വൈലറ്റ്ടൊറാക്കോ) 19.3.2011 ന് വൈകുന്നേരം കൂടിനടുത്തുള്ള മരത്തിൽ കണ്ടെത്തി കൂട്ടിലടയ്ക്കുകയും ചെയ്തു. ടി സംഭവത്തെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ദിവസത്തെ ഡ്യൂട്ടിക്കാരായ കീപ്പർ, സൂപ്പർവൈസർ, ക്യൂറേറ്റർ, സൂപ്രണ്ട് എന്നിവരോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. മാത്രമല്ല അവർക്ക് ചാർജ്ജ് മെമ്മോ നൽകി ആയതിന് സമർപ്പിച്ച മറുപടി പരിശോധിച്ച ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ കർശന നടപടി സ്വീകരിക്കുന്ന താണെന്ന് അറിയിച്ച് താക്കീത് നൽകി നടപടി അവസാനിപ്പിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5082 01/07/2013-ൽ മറുപടിക്ക്

**മൃഗശാലയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്**

ചോദ്യം ഉത്തരം

ശ്രീ. എം.എ. ബേബി

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെൻഷൻ പ്രായം കഴിഞ്ഞ ഏതെങ്കിലും ജീവനക്കാർ മൃഗശാലയിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടോ ; | (എ) | മൃഗശാലയിൽ പെൻഷൻ പ്രായം കഴിഞ്ഞ ജീവനക്കാർ ആരും തന്നെ താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നില്ല.എന്നാൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരാൾ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര പേർ ; അവരുടെ പേരു വിവരം ലഭ്യമാക്കുമോ ; | (ബി) | ദിവസവേതനാടിസ്ഥാനത്തിൽ ഒരാൾ . ശ്രീമതി.പി.സുകുമാരി അമ്മ, സ്വീപ്പർ |
| (സി) | മൃഗശായിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ലംഘിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മൃഗശാലയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ലംഘിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ